നം.കെ.എസ്.എ.പി.റ്റി.എ.പി13/335/17 തീയതി 06.05.2017

പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)-ാം വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃതം പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽനിന്നുള്ള ധനസഹായം, വിവ്ധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ബ്ലോക്ക് പഞ്ചായത്ത് 01.08.2016 മുതൽ 10.03.2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ശ്രീ പി.പി. സുരേഷ് കുമാർ<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.03.2017 മുതൽ 20.03.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം | ശ്രീ റ്റി. അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീമതി ജയപ്രഭ പി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി സ്മിത റ്റി., ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | അഡ്വ.റെജി തോമസ് (01.04.2015 മുതൽ 31.10.2015വരെ) |
| | ഭരണ നിർവ്വഹണ സമിതി (01.11.2015 മുതൽ 18.11.2015 വരെ) |
| | ശ്രീമതി ശോശാമ്മ തോമസ് (19.11.2015 മുതൽ 31.03.2016 വരെ) |
| സെക്രട്ടറി | ശ്രീ കെ. ശാർങ്ഗധരൻ, ജോയിന്റ് ബി.ഡി.ഒ. (ഇൻ-ചാർജ്ജ്)<br>( 01.04.2015 മുതൽ 13.05.2015 വരെ) |

| | |
|---|---|
| | ശ്രീ ഡി.പ്രസന്നൻപിള്ള (14.05.2015 മുതൽ 14.02.2016 വരെ) |
| | ശ്രീ തോമസ് എബ്രഹാം (15.02.2016 മുതൽ 31.03.2016 വരെ) |

റിപ്പോർട്ടിലെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും, ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ്
2. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്
3. റസീപ്റ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

സൂചിക


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1 – പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ആഭ്യന്തര നിയന്ത്രണം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രീയം | 1-7 |
| 8 | സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല | 1-8 |
| 9 | ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-9 |
| | ഭാഗം 2 – വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 10 | ദീർഘകാലമായി റീഫണ്ട് ചെയ്യാതെ അവശേഷിക്കുന്ന സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല | 2-1 |
| 11 | ടെണ്ടർ ഫീസ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ളത് 116973 ലക്ഷം രൂപ | 2-2 |
| | ഭാഗം 3 – ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 12 | വികലാംഗർക്ക് ട്രൈസ്കൂട്ടർ വിതരണം ചെയ്യുന്നതിന് കരാറെടുത്ത വികലാംഗ ക്ഷേമ കോർപ്പറേഷൻ സ്കൂട്ടറുകൾ സപ്ലൈ ചെയ്തില്ല – 11.7 ലക്ഷം രൂപ മുടങ്ങികിടക്കുന്നു | 3-1 |
| 13 | സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പായില്ല; 3.3 ലക്ഷം രൂപ മുടങ്ങികിടക്കുന്നു | 3-2 |
| 14 | ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി | 3-3 |
| 15 | 1:2:4 അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് 160520 രൂപയുടെ നഷ്ടം | 3-4 |
| 16 | 2014 വർഷം വാങ്ങിയ സ്കൂട്ടറുകളിൽ രണ്ടെണ്ണം വിതരണം ചെയ്യാതെ അവശേഷിക്കുന്നു | 3-5 |
| 17 | കുടിവെള്ള പൈപ്പ് ലൈൻ, വൈദ്യുതി ലൈൻ എന്നിവ ദീർഘിപ്പിക്കുന്നതിനുള്ള പ്രോജക്ടുകളുടെ നടത്തിപ്പ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 3-6 |
| 18 | മാറമല കോളനി കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ; ചുമതലയില്ലാത്ത മേഖലയിൽ പദ്ധതി നടപ്പിലാക്കിയതും മറ്റ് അപാകതകളും | 3-7 |
| 19 | ചെലവാകാതെ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുക തിരികെ ഈടാക്കിയില്ല | 3-8 |
| 20 | ഉപേക്ഷിച്ച പ്രോജക്ടിന് ഡെപ്പോസിറ്റ് ചെയ്ത 1.59 ലക്ഷം രൂപ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽനിന്നും മടക്കി വാങ്ങിയില്ല | 3-9 |
| 21 | ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ നിഷ്ക്രീയത്വം; കാർഷിക യന്ത്രോപകരണങ്ങൾ അന്യാധീനപ്പെടുന്നു; | 3-10 |
| 22 | ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല | 3-11 |
| 23 | സംയുക്ത പദ്ധതികൾക്കുള്ള ഫണ്ട് യഥാസമയം കൈമാറാത്തതിനാൽ പദ്ധതികൾ നടപ്പിലാകുന്നില്ല | 3-12 |
| 24 | മുൻകൂർ തുകകൾ ക്രമീകരിക്കുന്നില്ല | 3-13 |
| 25 | പൈക്ക ഫണ്ട് ചെലവഴിച്ചില്ല | 3-14 |
| 26 | ഭക്ഷണച്ചെലവുകൾ - സുതാര്യമല്ല | 3-15 |

| | | |
|---|---|---|
| 27 | പാലിയേറ്റീവ് കെയർ പദ്ധതി - അപാകതകൾ | 3-16 |
| | ഭാഗം 4 – ഓഡിറ്റ് പ്രത്യവലോകനം | |
| 28 | ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-1 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-2 |
| 30 | വായ്പ/ വായ്പ തിരിച്ചടവ് | 4-3 |
| 31 | സ്ഥിരനിക്ഷേപങ്ങൾ | 4-4 |
| 32 | ഓഡിറ്റ് റിക്കവറി | 4-5 |
| 33 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-6 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-7 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-8 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23.03.15-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. ബജറ്റ് പ്രകാരവും, യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ തുക | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 43700 | 14547886 | 14504186 | |
| വരവ് | 105626800 | 93308821 | -- | 12317979 |
| ആകെ | 105670500 | 107856707 | 2186207 | |
| ചെലവ് | 105517000 | 85486525 | -- | 20030475 |
| നീക്കിയിരിപ്പ് | 153500 | 22370182 | 22216682 | |

ബഡ്ജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

ബജറ്റ് തയ്യാറാക്കുന്നതിൽ സൂക്ഷ്മതയും, കൃത്യതയും പാലിച്ചിട്ടില്ല. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകളും യഥാർത്ഥ വരവ് ചെലവുകളും തമ്മിൽ ഭീമമായ അന്തരമാണുള്ളത്. ബ്ലോക്ക് പഞ്ചായത്തിന്റെ യഥാർത്ഥ ധനസ്ഥിതി കണക്കിലെടുക്കാതെയും, സൂക്ഷ്മതയും, കൃത്യതയും പാലിക്കാതെയുമാണ് ബഡ്ജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് മുന്നിരിപ്പിലുള്ള അന്തരം സൂചിപ്പിക്കുന്നു.

വാർഷിക പദ്ധതികൾക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സപ്ലിമെന്ററി ബജറ്റ് അല്ലെങ്കിൽ റിവൈസ്ഡ് ബജറ്റ് അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതുണ്ട്. അങ്ങനെയാണെങ്കിൽ മാത്രമേ പ്ലാൻ ചെലവുകൾ അനുവദനീയമാവുകയുള്ളൂ. എന്നാൽ 2015-16 സാമ്പത്തിക വർഷം ഡി.പി.സി. അംഗീകരിച്ച വാർഷിക പദ്ധതി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല. അപാകതകൾ ഭാവിയിൽ ആവർത്തിക്കപ്പെടാതിരിക്കുന്നതിലേക്കായി അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 15.05.2016 | 08.07.2016 |

2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(5) പ്രകാരം മെയ് മാസം 15-ാം തീയതിയ്ക്കകം മുൻവർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്. എന്നാൽ നിയമം അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

## 1-3 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന – അപാകതകൾ

ഓഡിറ്റിന് സമർപ്പിച്ച വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. Schedule B-11 Fixed Assets: ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവകകളുടെ മൂല്യം വാർഷിക ധനകാര്യപത്രികയിലെ സ്ഥിരം ആസ്തികളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ തേയ്മാനം കണക്കാക്കിയിട്ടില്ല. 8.8.12-ലെ സ.ഉ.(കൈ) നം.212/12/ത.സ്വ.ഭ.വ- ഉത്തരവ് പ്രകാരം ആസ്തികളുടെ തേയ്മാനം കുറവ് ചെയ്ത് ആസ്തി മൂല്യം കണക്കാക്കേണ്ടതാണ്.
2. ലിറ്ററസി സ്കീം ഗ്രാന്റ് - B4 Schedule പ്രകാരം ഈ ഇനത്തിൽ ബാലൻസ് നിൽക്കുന്ന തുക 28920 രൂപയാണ്. എന്നാൽ RP 40b പ്രകാരം ഈ ഇനത്തിലുള്ള ബാലൻസ് 67468 രൂപയാണ്.
3. PYKA - ഒറ്റ തവണ പ്രാരംഭ മൂലധന ഗ്രാന്റ് ഇനത്തിൽ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിൽനിന്നും ലഭിച്ചിട്ടുണ്ട്. തുക നാളിതുവരെ ചെലവഴിച്ചിട്ടില്ല. എന്നാൽ പ്രസ്തുത തുക Schedule B4-ൽ ബാദ്ധ്യതയായി കാണിച്ചിട്ടില്ല.
4. Schedule B9 പ്രകാരം ബാദ്ധ്യതയായി കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
5. ക്രമീകരിക്കാൻ അവശേഷിക്കുന്ന മുൻകൂറുകൾ (KSEB/KWA/GWA മുതലായ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ള തുക ഉൾപ്പടെ) Schedule B18-ൽ ഉൾപ്പെടുത്തിയിട്ടില്ല.
6. Schedule B7-നിൽ ബാദ്ധ്യതയായി കാണിച്ചിട്ടുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ ആവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
7. IAY-യുടെ IOB-യിലുള്ള 7756 നമ്പർ അക്കൗണ്ട് റെക്കൺസിലിയേഷൻ നടത്തിയിട്ടുണ്ടെങ്കിലും വർഷാന്ത്യത്തിലുള്ള പണമാക്കാത്ത ചെക്കുകൾ സംബന്ധിച്ച വിവരം ലഭ്യമല്ലാത്തതിനാൽ ഈ ഇനത്തിലുള്ള തുകകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല (ക്യാഷ് ചെയ്ത ചെക്കുകളുടെ നമ്പർ ബാങ്ക് സ്റ്റേറ്റ്മെന്റിലും രേഖപ്പെടുത്തിയിട്ടില്ല).
8. B-14- Stock in hand(Inventories) - 33500 Purchase of material എന്നയിനമായി കാണിച്ചിരിക്കുന്നു. ഈ തുക എന്താണെന്ന് വ്യക്തമല്ല. സ്റ്റോക്ക് സംബന്ധിച്ച റിപ്പോർട്ട് സെക്രട്ടറി തയ്യാറാക്കിയിട്ടില്ല (ഓപ്പണിംഗ് സ്റ്റോക്ക്, തൻ വർഷത്തെ സ്റ്റോർ പർച്ചേസിന്റെ മൂല്യം, ക്ലോസിംഗ് സ്റ്റോക്ക് മുതലായ വിവരങ്ങൾ).

മേൽ പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-4 ആഭ്യന്തര നിയന്ത്രണം

ആരോഗ്യം-വിദ്യാഭ്യാസം, ക്ഷേമകാര്യം എന്നീ സ്റ്റാന്റിംഗ് കമ്മിറ്റികൾ കൃത്യമായ ഇടവേളകളിൽ യോഗം ചേരുകയോ, യോഗം ചേർന്നിട്ടുള്ളവയുടെ മിനിട്സ് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി പരിപാലിക്കുന്നില്ല.

സാംഖ്യ സോഫ്റ്റ് വെയറിന്റെ തൃപ്തികരമായ വിന്യാസത്തിനും ഫലപ്രദമായ ഉപയോഗത്തിനും വേണ്ടി പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺമാർ, സെക്രട്ടറി, സൂപ്രണ്ട്/ ഹെഡ് ക്ലർക്ക്, ഐ.കെ.എം ടെക്നിക്കൽ അസിസ്റ്റന്റ്, സാംഖ്യയുമായി ബന്ധപ്പെട്ട ജോലികൾ നിർവ്വഹിക്കുന്ന ഒരു ക്ലർക്ക് എന്നിവർ ഉൾപ്പെടുന്ന ഒരു സ്ഥാപനതല ഇംപ്ലിമെന്റേഷൻ ആന്റ് മോണിട്ടറിംഗ് കമ്മറ്റി രൂപീകരിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. അതിനാൽ സാംഖ്യയുമായി ബന്ധപ്പെട്ട ഫലപ്രദമായ മോണിട്ടറിംഗ് സാധ്യമായിട്ടില്ല.

## 1-5 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 14547886 |
| വരവ് | 93308821 |
| ആകെ | 107856707 |
| ചെലവ് | 85486525 |
| നീക്കിയിരിപ്പ് | 22370182 |

## 1-6 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിബാക്കി | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 18000000 | 18000000 | 18000000 | 0 | 100% |
| വികസന ഫണ്ട് (എസ്.സി.പി.) | 0 | 8431000 | 8431000 | 8431000 | 0 | 100% |
| വികസന ഫണ്ട് (ടി.എസ്.പി.) | 0 | 153000 | 153000 | 153000 | 0 | 100% |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 45727 | 2624000 | 2669727 | 2356707 | 313020 | 88% |
| കേന്ദ്രാവിഷ്കൃത ഫണ്ട് | | | 0 | | 0 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 2901268 | 30000000 | 32901268 | 29629413 | 3271855 | |

ഓഡിറ്റ് വർഷം വികസന ഫണ്ട് 100 ശതമാനവും ചെലവഴിച്ചിട്ടുണ്ട്. 2011-12 മുതൽ തുടർച്ചയായ 4 വാർഷിക പദ്ധതികളിലും 100 ശതമാനം വികസന ഫണ്ട് ചെലവഴിക്കാൻ ബ്ലോക്ക് പഞ്ചായത്തിന് സാധിച്ചിട്ടുള്ളത് ശ്ലാഘനീയമാണ്.

## 1-7 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | ചെലവ് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 49 | 66037682 | 49 | 29822404 | 0 | 100% |

<u>പദ്ധതി നിർവ്വഹണ വിവരങ്ങൾ</u>

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അടങ്കൽ തുക | എണ്ണം | ചെലവ് തുക | ചെലവ് ശതമാനം |
| ഉല്പാദനം | 2 | 1465000 | 2 | 1465000 | 100 |

| | | | | | |
|---|---|---|---|---|---|
| സേവനം | 26 | 55227118 | 26 | 19250257 | 34.86 |
| പശ്ചാത്തലം | 21 | 9345564 | 21 | 9107147 | 97.45 |
| ആകെ | 49 | 66037682 | 49 | 29822404 | 45.16 |

നിർബന്ധിത വകയിരുത്തലുകളും ചെലവും

| പദ്ധതി | പ്രോജക്ടുകളുടെ എണ്ണം | വകയിരുത്തൽ | ചെലവ് |
|---|---|---|---|
| വനിതാ ഘടക പദ്ധതി | 2 | 2659000 | 2659000 |
| വൃദ്ധർ, ഭിന്നശേഷിയുള്ളവർ, കുട്ടികൾ | 2 | 1520000 | 1488000 |
| പാലിയേറ്റിവ് കെയർ | 1 | 300000 | 300000 |
| പരിസ്ഥിതി സംരക്ഷണം | - | - | - |
| യുവജന വികസന പദ്ധതി | 3 | 1000000 | 1000000 |

വാർഷിക പദ്ധതി അവലോകനം നടത്തിയതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ഭിന്നശേഷിക്കാരായവർക്കുള്ള ട്രൈസ്കൂട്ടർ വിതരണം, കൈമാറികിട്ടിയ സ്ഥാപനങ്ങൾക്കുവേണ്ടി സോളാർ പവർ പ്ലാന്റ് സ്ഥാപിക്കൽ എന്നീ പ്രോജക്ടുകൾ പണം ചെലവഴിച്ച് ഒരു വർഷം പിന്നിടുമ്പോഴും ലക്ഷ്യം കൈവരിച്ചിട്ടില്ല. എല്ലാ വാർഷിക പദ്ധതികളിലും ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി KSEB/KWA/GWA മുതലായ ഏജൻസികളിൽ തുകകൾ നിക്ഷേപിക്കുന്നുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുകയോ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി ഡെപ്പോസിറ്റ് തുകകൾ ക്രമീകരിക്കുകയോ ചെയ്യുന്നില്ല. ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ മോണിട്ടറിംഗ് ഫലപ്രദമല്ല. മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ നിർജ്ജീവമാണ്. പതിവുപോലെ സാമ്പത്തിക വർഷത്തിന്റെ അവസാന മാസങ്ങളിൽ, കിട്ടുന്ന പണം തിരക്കിട്ടു ചെലവിടുന്ന സമീപനമാണ് ഉണ്ടായിട്ടുള്ളത്. അസി.എക്സി.എഞ്ചിനീയർ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ എല്ലാംതന്നെ മാർച്ച് മാസത്തിന്റെ അവസാന ദിനങ്ങളിലാണ് ട്രഷറിയിൽ സമർപ്പിച്ചിട്ടുള്ളത്. മരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് സാമ്പത്തിക വർഷാന്ത്യംവരെ വലിച്ചുനീട്ടുകയും മാർച്ച് മാസത്തിലെ അവസാന ദിനങ്ങളിൽ തിരക്കിട്ട് പ്രവൃത്തികൾ നടപ്പിലാക്കി പദ്ധതി പണം ചെലവഴിക്കുകയും ചെയ്യുന്നു. ഇത് പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങളിലുള്ള മേൽനോട്ടം, പ്രവൃത്തി നിർവ്വഹണത്തിന്റെ സുതാര്യത, ഗുണമേന്മ എന്നിവയെ പ്രതികൂലമായി ബാധിക്കുന്നു.

എല്ലാ വികസന മേഖലകൾക്കും വാർഷിക പദ്ധതിയിൽ അർഹമായ പരിഗണന നൽകുന്നില്ല. വാർഷക പദ്ധതിയിൽ ഉല്പാദന മേഖലയെ പൂർണ്ണമായും തഴഞ്ഞിരിക്കുന്നു. കാർഷിക, മൃഗസംരക്ഷണ മേഖലകളിൽ വാർഷിക പദ്ധതിയിൽ ഒരു പ്രോജക്ടുപോലും ഉൾപ്പെടുത്തിയില്ല. നിർവ്വഹണ ഉദ്യോഗസ്ഥർ എന്ന നിലയിൽ CDPO, GEO, IEO, എന്നിവർക്കും ബന്ധപ്പെട്ട മേഖലകളിൽ പ്രോജക്ടുകൾ ഇല്ല.

പശ്ചാത്തല മേഖലയിൽ ഫലക്ഷമത കുറഞ്ഞ റോഡ് നിർമ്മാണ പ്രോജക്ടുകളാണ് നടപ്പിലാക്കിയിട്ടുള്ളത്. ഏറ്റെടുക്കുന്ന റോഡുകൾ പൂർണ്ണമായും ഗതഗതയോഗ്യമാക്കുന്നില്ല. 200 മീറ്ററിൽ താഴെ നീളം കോൺക്രീറ്റ് ചെയ്യുന്നതിനുള്ള പ്രോജക്ടുകളാണ് ഏറെയും നടപ്പിലാക്കിയിട്ടുള്ളത്. മാത്രവുമല്ല റോഡ് നിർമ്മാണ പ്രവൃത്തികളുടെ കാര്യത്തിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള വീതി പരിധിയും പാലിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമപ്രകാരം രണ്ട് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും കുറഞ്ഞത് 6 മീറ്റർ വീതിയുള്ളതുമായ റോഡുകളുടെ നിർമ്മാണമാണ് ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടത്. എന്നാൽ ഓഡിറ്റ് വർഷം ഏറ്റെടുത്തിട്ടുള്ള റോഡുകളിൽ ഭൂരിപക്ഷവും 6 മീറ്ററിൽ കുറവ് വീതിയുള്ളതും ഒരു പഞ്ചായത്ത് പ്രദേശത്തുമാത്രം ഒതുങ്ങുന്നതുമായ വില്ലേജ് റോഡുകളാണ്.

ബ്ലോക്ക് പഞ്ചായത്തിലെ മെയിന്റനൻസ് പ്ലാൻ നടത്തിപ്പ് നിരാശാജനകമാണ്. കൈമാറിക്കിട്ടിയതും, ആർജ്ജിച്ചതുമായ ആസ്തികളുടെ സംരക്ഷണത്തിൽ ബ്ലോക്ക് പഞ്ചായത്ത് ശ്രദ്ധ ചെലുത്തുന്നില്ല. മെയിന്റനൻസ് പ്ലാൻ എന്നാൽ നിലവിലുള്ള ആസ്തികളുടെ സംരക്ഷണത്തിനായി നടത്തുന്ന അറ്റകുറ്റപ്പണികൾക്കുള്ള പ്ലാൻ എന്ന് മാത്രമല്ല

വിവക്ഷിക്കുന്നത്. ആസ്തികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ആസ്തികളിലൂടെ നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തി വിപുലപ്പെടുത്തുന്നതിനും വർദ്ധിപ്പിക്കുന്നതിനും സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനുമുള്ള പ്ലാൻ എന്നാണ് അർത്ഥമാക്കേണ്ടത്. 30 പെൺകുട്ടികളെ പാർപ്പിക്കുന്നതിന് ഉദ്ദേശിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ ആരംഭിച്ച പ്രീമെട്രിക് ഹോസ്റ്റൽ, കെട്ടിടത്തിന്റെ ശോച്യാവസ്ഥ കാരണം 2016-17 വർഷം അടച്ചു പൂട്ടിയിരിക്കുകയാണ്. കെട്ടിടം എന്ന് അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ഹോസ്റ്റൽ തുറന്ന് പ്രവർത്തിപ്പിക്കാനാവുമെന്ന കാര്യത്തിൽ അധികൃതർക്ക് യാതൊരു നിശ്ചയവുമില്ല. സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കുവേണ്ടി സർക്കാർ ആരംഭിച്ച ഒരു സംരംഭം അടച്ചുപൂട്ടപ്പെടാൻ ഇടയായ സാഹചര്യം സൃഷ്ടിച്ചതിൽ സ്ഥാപനത്തിന്റെ ഉടമസ്ഥരായ ബ്ലോക്ക് പഞ്ചായത്തിനും പങ്കുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. കല്ലൂപ്പാറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ബ്ലോക്ക് പഞ്ചായത്തിന് വിട്ടുകിട്ടിയ സ്ഥാപനമാണ്. സി.എച്ച്.സി-കളിൽ കിടത്തി ചികിത്സ നടത്തണമെന്നാണ് വ്യവസ്ഥ. ഇതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളും, ജീവനക്കാരേയുമാണ് സർക്കാർ സി.എച്ച്.സികൾക്ക് അനുവദിച്ചിട്ടുള്ളത്. കല്ലൂപ്പാറ സി.എച്ച്.സി-യിൽ കിടത്തി ചികിത്സ നൽകുന്നില്ല. ആയതിനാൽ ഈ സ്ഥാപനംകൊണ്ടുള്ള പ്രയോജനം പൂർണ്ണതോതിൽ പൊതു സമൂഹത്തിന് ലഭിക്കുന്നില്ല. കിടത്തി ചികിത്സ പു:നരാരംഭിക്കുന്നതിനുള്ള യാതൊരു ശ്രമവും ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നും നാളിതുവരെ ഉണ്ടായിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ തോട്ടഭാഗം പട്ടികജാതി വനിതകൾക്കുവേണ്ടിയുള്ള വ്യവസായ കേന്ദ്രം, മാന്താനത്ത് വനിത വ്യവസായ കേന്ദ്രം എന്നിവ നിലവിൽ ബ്ലോക്ക് പഞ്ചായത്തിന്റെ അസ്തിയല്ല. ഇവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ഔദ്യോഗികമായി കൈമാറിയതിനും രേഖയില്ല. പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമായി നിലവിൽ ഇവ മറ്റ് ആവശ്യങ്ങൾക്കായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ ഉപയോഗിച്ചുവരുകയാണ്. മുൻകാല വാർഷിക പദ്ധതികളുടെ ഭാഗമായി വൻതുക മുടക്കി ബ്ലോക്ക് പഞ്ചായത്ത് വാങ്ങി വിതരണം ചെയ്തിട്ടുള്ള കാർഷിക യന്ത്രോപകരണങ്ങളുടെ ഉപയോഗവും, സംരക്ഷണവും ബ്ലോക്ക് പഞ്ചായത്ത് നിരീക്ഷണ വിധേയമാക്കുന്നില്ല.

## 1-8 വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രീയം

വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനിട്ട്സ് പരിശോധിച്ചതിൽ അവയുടെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന് വ്യക്തമാകുന്നു. ഗ്രമപഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. അവ പ്രാദേശിക വികസന പ്രശ്നങ്ങൾ പഠിക്കുകയും കരട് പ്രോജക്ട് നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യണം. ഇതിനായി വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേരണം. എന്നാൽ 2015-16 വർഷം ഒന്നോ രണ്ടോ തവണ മാത്രമാണ് വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നിട്ടുള്ളത്. യോഗ മിനിട്ട്സ് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. യോഗത്തിൽ പങ്കെടുത്തവരുടെ ഹാജർ, ചർച്ച ചെയ്ത വിഷയങ്ങൾ, കരട് പദ്ധതി നിർദ്ദേശങ്ങൾ എന്നിവ കൃത്യമായി മിനിട്ട്സ് ചെയ്തിട്ടില്ല. ബന്ധപ്പെട്ട മേഖലകളിൽ ഉൾപ്പെടുന്ന പ്രശ്നങ്ങളും ആയതിന്റെ പരിഹരമാർഗങ്ങളും ചർച്ചചെയ്യുന്നതിലും അതനുസരിച്ച് പദ്ധതി രൂപീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് നൽകുന്നതിനും ശ്രദ്ധ പതിപ്പിച്ചിട്ടില്ല. പദ്ധതികളുടെ ഫലപ്രദമായ മോണിട്ടറിംഗും ഗ്രൂപ്പുകൾ നിർവ്വഹിക്കുന്നില്ല.

ജനങ്ങൾക്ക് ആസൂത്രണ കാര്യങ്ങളിൽ പങ്കെടുക്കാനുള്ള ഏറ്റവും പ്രബലമായ വേദിയാണ് വർക്കിംഗ് ഗ്രൂപ്പുകൾ. ആയതിനാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിൽ അടിയന്തിര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-9 സ്റ്റാന്റിംഗ് കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ല

കേരള പഞ്ചായത്ത് രാജ് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 16(1) പ്രകാരം കുറഞ്ഞത് മാസത്തിൽ ഒരു പ്രാവശ്യവും, കാലാകാലങ്ങളിൽ ചെയർമാൻ നിശ്ചയിക്കുന്ന തീയതിയിലും, സമയത്തും സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം ചേരേണ്ടതാണ്. ഓഡിറ്റ് കാലയളവിൽ ധനകാര്യ, വികസന സ്റ്റാന്റിംഗ് കമ്മിറ്റികൾ മാത്രമാണ് ഇത് പാലിച്ചിട്ടുള്ളത്. ആരോഗ്യ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ 2015 ജൂൺ മാസത്തിനു ശേഷം യോഗം ചേരുകയോ, ചേർന്നിട്ടുണ്ടെങ്കിൽതന്നെ ആയതിന്റെ ഹാജർ, മിനിട്ട്സ് എന്നിവ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് 162 എ(1)(ബി) പ്രകാരം ബ്ലോക്ക് പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റികൾ കൈകാര്യം ചെയ്യേണ്ട വിഷയങ്ങൾ വ്യക്തമായി നിർവ്വചിച്ചിട്ടുണ്ടെങ്കിലും ചുമതലയുള്ള മേഖലയെ സംബന്ധിച്ച ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ദീർഘകാലമായി റീഫണ്ട് ചെയ്യാതെ അവശേഷിക്കുന്ന സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല

നിരതദ്രവ്യം, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നീ ഇനങ്ങളിൽ കരാറുകാർ ഹാജരാക്കിയിട്ടുള്ളതും, ദീർഘകാലമായി റീഫണ്ട് ചെയ്യാതെ അവശേഷിക്കുന്നതുമായ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം (I) 282 പ്രകാരം മൂന്ന വർഷത്തിന്മേൽ റീഫണ്ട് ചെയ്യാതെ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുകകൾ ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്. താഴെ പറയുന്ന സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | കരാറുകാരന്റെ പേര് | ഡെപ്പോസിറ്റ് തുക | സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റ് നമ്പർ, തീയതി |
|---|---|---|---|
| 1 | കെ.പി. ജോൺ | 5000 | 09759/09.12.03 SCB Kaviyoor |
| 2 | “ | 2100 | 09851/11.02.04 SCB Kaviyoor |
| 3 | തോമസ് പി. തോമസ് | 750 | 787036/09.12.03 Thiruvalla East Co.Op.Bank, Mallappally |
| 5 | “ | 1000 | 34CC 591201 NSC |
| 6 | “ | 5000 | 36BB 342716 NSC |
| 7 | മൈക്രോടെക് സിസ്റ്റംസ്, മാവേലിക്കര | 1000 | KD/0077/2005, Canara Bank Mavelikkara |
| 8 | എം. ഹരികുമാർ | 2250 | 5633/06.04.04 SCB Mallappally |
| 9 | “ | 2500 | KD/0460/2003 Canara Bank Mallappally |
| 10 | രേണുക ഉമ്മൻ | 80000 | 000471/10.10.03 SCB Kumbazha |
| 11 | ബിനോ ജെ. എബ്രഹാം | 2500 | 414584/01.01.07 Federal Bank Mallappally |
| 12 | ഗിരി സി.വി. | 2100 | 066037/03.01.14 Vijaya Bank Vavanoor |
| | ആകെ | 104200 | |

## 2-2 ടെണ്ടർ ഫീസ് ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കാനുള്ളത് 98173 ലക്ഷം രൂപ

28-09-2013-ലെ ജി.ഒ.(എം.എസ്.)നം. 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി., ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസും, വാറ്റും (5%) പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. 28-09-2015-ലെ ജി.ഒ.(പി.)നം.429/2015/ഫിൻ ഉത്തരവ് അനുസരിച്ച് 50000 മുതൽ 10 ലക്ഷം വരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് അടങ്കൽ തുകയുടെ 0.2% തുകയാണ് (ഏറ്റവും കുറഞ്ഞത് 500 രൂപ, കൂടിയത് 2000 രൂപ). പത്ത് ലക്ഷത്തിനു മുകളിൽ ഒരു കോടിവരെ അടങ്കലുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫീസ് 2500 രൂപയുമാണ്. ഓഡിറ്റിന് ലഭ്യമാക്കിയ ടെണ്ടർ രജിസ്റ്റർ അനുസരിച്ച് മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ 2015-16 വർഷം പ്രവൃത്തികൾക്ക് ഇ-ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. വിവിധ പ്രവൃത്തികൾക്കായി ഇ-ടെണ്ടർ സമർപ്പിച്ച് ഓരോ കരാറുകാരും താഴെ പറയുന്ന പ്രകാരം ഓൺലൈനായി ടെണ്ടർ ഫീസും, വാറ്റും എൽ.എസ്.ജി.ഡി. എക്സി. എഞ്ചിനീയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത ടെണ്ടർ ഫീസ് മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിനും, വാറ്റ് ഇനത്തിൽ ലഭിച്ച തുക സർക്കാരിലേക്ക് ഒടുക്കുന്നതിനും നാളിതുവരെയായി അസി.എക്സി.എഞ്ചിനീയർ നടപടി സ്വീകരിച്ചിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ തുക | ഇ-ടെണ്ടറിൽ പങ്കെടുത്ത കരാറുകാരുടെ എണ്ണം | ആകെ ഒടുക്കിയിട്ടുള്ള ടെണ്ടർ ഫീസ് | വാറ്റ് (5%) | ആകെ |
|---|---|---|---|---|---|---|
| 1 | പ്ലാങ്കൂട്ടത്തിൽപടി-താന്നിക്കാമലപ്പടി റോഡ് കോൺക്രീറ്റിംഗ്(12/16) | 500000 | 9 | 9x1000= | 450 | 9450 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 9000 | | |
| 2 | കാണിക്കമണ്ഡപം-അഞ്ചാംകുഴി-പുത്തൻപുരയിൽപടി റോഡ് കോൺക്രീറ്റിംഗ് (13/15-16) | 750000 | 7 | 7x1500= 10500 | 525 | 11025 |
| 3 | മേച്ചേരിപ്പടി-വള്ളക്കടവ് റോഡ് കോൺക്രീറ്റിംഗ് (14/15-16) | 600000 | 4 | 4x1200= 4800 | 240 | 5040 |
| 4 | കളയ്ക്കാട്ടുപടി-മടേലിൽപടി - ഞാലിക്കണ്ടം റോഡ് കോൺക്രീറ്റിംഗ് (15/15-16) | 600000 | 8 | 8x1200= 9600 | 480 | 10080 |
| 5 | പാലമല-തോട്ടപ്പടി റോഡ് കോൺക്രീറ്റിംഗ് (16/15-16) | 600000 | 5 | 5x1200= 6000 | 300 | 6300 |
| 6 | തേലമണ്ണിൽപടി - ഖാദി പ്ലാസ റോഡ് കോൺക്രീറ്റിംഗ് (17/15-16) | 600000 | 6 | 6x1200= 7200 | 360 | 7560 |
| 7 | വൈ.എം.സി.എ. ഇരിപ്പക്കല്ല് റോഡ് കോൺക്രീറ്റിംഗ് (18/15-16) | 600000 | 5 | 5x1200= 6000 | 300 | 6300 |
| 8 | കുളത്തുങ്കൽ കവല – ആറ്റുകുഴി റോഡ് കോൺക്രീറ്റിംഗ് | 500000 | 2 | 2x1000= 2000 | 100 | 2100 |
| 9 | അഴകന്താനം-തൂക്കോയിക്കൽ റോഡ് കോൺക്രീറ്റിംഗ് (20/15-16 ) | 550000 | 2 | 2x1100= 2200 | 110 | 2310 |
| 10 | കീഴ്വായ്പൂർ പള്ളിപ്പടി - സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം - ആറാട്ടുപടി റോഡ് റീടാറിംഗ് (21/15-16) | 600000 | 2 | 2x1200= 2400 | 120 | 2520 |
| 11 | പഞ്ചായത്ത് പടി - ചിറയ്ക്കൽപാറ റോഡ് കോൺക്രീറ്റിംഗ് (22/15-16) | 600000 | 5 | 5x1200= 6000 | 300 | 6300 |
| 12 | വെള്ളയിൽ - മഠത്തുംചാല് റോഡ് കോൺക്രീറ്റിംഗ് (23/15-16) | 600000 | 5 | 5x1200= 6000 | 300 | 6300 |
| 13 | യെറുശലേം മാർത്തോമാ പള്ളിപ്പടി പുത്തൂർ മുക്ക് - കൊച്ചുപറമ്പിൽപടി റോഡ് കോൺക്രീറ്റിംഗ് | 525000 | 5 | 5x1050 =5250 | 263 | 5513 |
| 14 | വില്ലേജ് ആഫീസ് പടി പഴക്കാലക്കുന്ന് റോഡ് കോൺക്രീറ്റിംഗ് (25/15-16) | 500000 | 8 | 8x1000= =8800 | 440 | 9240 |
| 15 | പഞ്ചായത്ത്പടി - മലമ്പാറ റോഡ് കോൺക്രീറ്റിംഗ് (28/15-16) | 500000 | 5 | 5x1000= 5500 | 275 | 5825 |
| 16 | വള്ളിക്കാട് എസ്.സി. ശ്മശാനം സംരക്ഷണഭിത്തി നിർമ്മാണവും റോഡ് കോൺക്രീറ്റിംഗം (29/15-16) | 900000 | 2 | 2x1800= 2200 | 110 | 2310 |
| | ആകെ | | | | | 98173 |

ടി തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽനിന്നും ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിലേക്ക് വകമാറ്റി ഒടുക്കുന്നതിനും വാറ്റ് ഇനത്തിൽ സർക്കാരിലേക്ക് അടക്കേണ്ട തുക അടക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വികലാംഗർക്ക് ട്രൈസ്കൂട്ടർ വിതരണം ചെയ്യുന്നതിന് കരാറെടുത്ത വികലാംഗ ക്ഷേമ കോർപ്പറേഷൻ സ്കൂട്ടറുകൾ സപ്ലൈ ചെയ്തില്ല – 11.7 ലക്ഷം രൂപ മുടങ്ങികിടക്കുന്നു

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾക്ക് ട്രൈസ്കൂട്ടർ വിതരണം ചെയ്യുന്നതിന് പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 1150000 രൂപയും, ജനറൽ പർപ്പസ് ഫണ്ടിൽനിന്നും 20000 രൂപയും ഉൾപ്പടെ ആകെ 1170000 രൂപ വകയിരുത്തി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. പദ്ധതിയുടെ നിർവ്വഹണത്തിലുണ്ടായിട്ടുള്ള അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഭിന്നശേഷിക്കാരായ 17 ഗുണഭോക്താക്കൾക്ക് സൈഡ് വീലുള്ള സ്കൂട്ടർ നൽകുന്നതിന് 2016 ജൂൺ മാസം 11,70,000 രൂപ (ഡി.ഡി.നം.422922/27.06.16 – Rs.1150000, 423009/28.06.16 – Rs.20000) വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകിയെങ്കിലും ഓഡിറ്റ് തീയതിയിലും സ്കൂട്ടറുകൾ സപ്ലൈ ചെയ്തിട്ടില്ല.
2. വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്ക്കുകപോലും ചെയ്യാതെയാണ് സ്ഥാപനത്തിന് മുൻകൂറായി മുഴുവൻ തുകയും നൽകിയിട്ടുള്ളത്. എഗ്രിമെന്റിന്റെ അഭാവത്തിൽ സ്കൂട്ടറുകൾ സപ്ലൈ ചെയ്യാൻ വീഴ്ചവരുത്തിയ സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് പരിമിതിയുണ്ട്. സ്കൂട്ടറുകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബ്ലോക്ക് പഞ്ചായത്ത് അയച്ച കത്തുകളോട് വികലാംഗ ക്ഷേമ കോർപ്പറേഷൻ പ്രതികരിച്ചിട്ടില്ല.
3. അംഗീകൃത ഡീലർമാരിൽനിന്നും ടെണ്ടർ ക്ഷണിച്ച് സ്കൂട്ടറുകൾ വാങ്ങുന്നതിന് പകരം വികലാംഗ കോർപ്പറേഷനിൽനിന്നും ടെണ്ടർ ഒഴിവാക്കി നേരിട്ട് വാങ്ങൽ നടത്തുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടി സ്വീകരിച്ചത് ക്രമപ്രകാരമല്ല. വൻതുകയ്ക്കുള്ള വാങ്ങലിന് ടെണ്ടർ നടപടികൾ ഒഴിവാക്കി ടി സ്ഥാപനത്തെ പരിഗണിക്കുന്നതിന് പ്രൊക്യൂർമെന്റ് കമ്മിറ്റിയോ, പഞ്ചായത്ത് കമ്മിറ്റിയോ നിർവ്വഹണ ഉദ്യോഗസ്ഥനെ അധികാരപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല.
4. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി മുൻകൂർ തുക നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ 177/2006/Fin നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും അതിൽ പറഞ്ഞ ഇനങ്ങൾക്കുമാത്രമായിരിക്കണം. പ്രസ്തുത ഉത്തരവിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഏജൻസികൾക്കല്ലാതെ (KWA/KSEB/GWD/PWD/ COSTFORD/NIRMITHI/Universities & Engineering Colleges under the Control of the Govt. for rendering services) മറ്റ് ഏജൻസികൾക്ക് മുൻകൂർ തുക നൽകുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി അവശ്യമാണ്. വികലാംഗക്ഷേമ കോർപ്പറേഷന് വികസന ഫണ്ട് അഡ്വാൻസായി നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല. സർക്കാർ ഉത്തരവ് ഇല്ലാതെ വികസന ഫണ്ട് മുൻകൂറായി പ്രസ്തുത സ്ഥാപനത്തിന് നൽകിയത് ക്രമപ്രകാരമല്ല.
5. ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരം (12.04.2006-ലെ 177/2006/Fin നമ്പർ ഉത്തരവ്) ചെലവ് മുന്നിൽകണ്ടുകൊണ്ട് ട്രഷറിയിൽനിന്നും മുൻകൂറായി പിൻവലിക്കാനോ, ട്രഷറിയിൽനിന്നും പദ്ധതി നിർവ്വഹണത്തിനായി പിൻവലിക്കുന്ന തുകകൾ 30 ദിവസത്തിൽ അധികം കൈവശം സൂക്ഷിക്കുവാനോ പാടില്ല. എന്നാൽ പദ്ധതിയുടെ ഭാഗമായി 22.03.2016-ലെ 17/15-16 നമ്പർ ട്രഷറി ബിൽ പ്രകാരം പിൻവലിച്ച 1150000 രൂപ 27.06.16-ലാണ് സ്ഥാപനത്തിന് കൈമാറിയിട്ടുള്ളത്. ട്രഷറിയിൽനിന്നും പിൻവലിച്ച തുക ദീർഘകാലം കൈവശം സൂക്ഷിച്ചത് ധനവിനിയോഗ മാർഗ്ഗരേഖയുടെ ലംഘനമാണ്.
6. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സബ്സിഡി മാർഗ്ഗരേഖപ്രകാരം വികലാംഗർക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള അനുമതി മാത്രമാണ് വികലാംഗ ക്ഷേമ കോർപ്പറേഷന് നൽകിയിട്ടുള്ളത്. വികലാംഗർക്കുള്ള ഉപകരണങ്ങളിൽ സൈഡ് വീലുള്ള സ്കൂട്ടറുകൾ ഉൾപ്പെടുന്നില്ല. കേന്ദ്ര മോട്ടോർ വാഹന നിയമം അധ്യായം 3 പ്രകാരം ട്രെയ്ഡ് സർട്ടിഫിക്കറ്റ് ഉള്ളവർക്ക് മാത്രമേ മോട്ടോർ വാഹനങ്ങളുടെ വ്യാപാരത്തിൽ ഏർപ്പെടാൻ കഴിയൂ. വികലാംഗ ക്ഷേമ കോർപ്പറേഷന് ട്രെയ്ഡ് സർട്ടിഫിക്കറ്റ് ഇല്ല. അതിനാൽ മോട്ടോർ വാഹന കച്ചവടത്തിൽ ഏർപ്പെടുന്നതിന് നിയമപരമായി അർഹതയില്ല. വികലാംഗ ക്ഷേമ കോർപ്പറേഷൻ വാഹന വ്യാപരത്തിൽ ഒരു മദ്ധ്യവർത്തിയായി പ്രവർത്തിച്ച് അനർഹമായി ആനുകൂല്യം നേടുന്ന സാഹചര്യമാണ് സൃഷ്ടിച്ചത്. അംഗീകൃത ഡീലർമാരിൽനിന്നും ടെണ്ടർ ക്ഷണിച്ച് വാഹനങ്ങൾ വാങ്ങുന്നതിന് പകരം വികലാംഗ ക്ഷേമ കോർപ്പറേഷനിൽനിന്നും ടെണ്ടർ കൂടാതെ വാഹനങ്ങൾ വാങ്ങുന്നതിന് അഡ്വാൻസായി തുക നൽകിയത് പ്രോക്യൂർമെന്റ് മാനുവലിന്റെ വ്യക്തമായ ലംഘനമാണ്.

പ്രോജക്ട് നിർവ്വഹണത്തിലുണ്ടായ വീഴ്ചമൂലം ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളിൽനിന്നും

തെരഞ്ഞെടുക്കപ്പെട്ട 17 ഗുണഭോക്താക്കൾക്ക് അർഹമായ ആനുകൂല്യം താൽക്കാലികമായെങ്കിലും നിഷേധിക്കപ്പെടുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. മേൽ വിവരിച്ച അപാകതകൾ മുൻനിർത്തി പ്രോജക്ടിന് ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് 60 ദിവസത്തിനുള്ളിൽ അപാകതകൾ പരിഹരിക്കാത്തപക്ഷം തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് ഉത്തരവാദിയായവരിൽനിന്ന് ഈടാക്കുവാൻ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-2 സോളാർ പാനൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പായില്ല; 3.3 ലക്ഷം രൂപയുടെ ചെലവ് നിഷ്ഫലമായി

2015-16 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 44/16 പ്രകാരം റോഡിതര മെയിന്റനൻസ് ഗ്രാന്റിൽനിന്നും 400000 രൂപ വകയിരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ഐ.സി.ഡി.എസ്. ആഫീസിലും, എൽ.എസ്.ജി.ഡി. ഓഫീസിലും 2KW ശേഷിയുള്ള സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. അംഗീകരിച്ച പ്രോജക്ട് പ്രകാരം KELTRON മുഖാന്തിരം പ്രോജക്ട് നടപ്പിലാക്കുന്നതിനായിരുന്നു ഉദ്ദേശിച്ചിരുന്നത്. എന്നാൽ 10 ലക്ഷം രൂപയിൽ താഴെ അടങ്കലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് KELTRON തയ്യാറാകാത്തതിനെ തുടർന്ന് അനർട്ടിനെ പദ്ധതിയുടെ നിർവ്വഹണ ചുമതല ഏൽപ്പിക്കുകയാണുണ്ടായത്. പദ്ധതിയുടെ ഭാഗമായി 7.04.2016-ലെ 423874 നമ്പർ ഡിമാന്റ് ഡ്രാഫ്റ്റ് പ്രകാരം 330000 രൂപ അനർട്ടിന് മുൻകൂറായി നൽകി. എന്നാൽ തുക കൈപ്പറ്റി ഒരു വർഷം പിന്നിടുമ്പോഴും അനർട്ട് പ്ലാന്റ് സ്ഥാപിച്ചിട്ടില്ല.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകളുടെ നിർവ്വഹണത്തിനായി മുൻകൂർ തുക നൽകുന്നതിന് ധനകാര്യ വകുപ്പിന്റെ 12.04.2006-ലെ 177/2006/Fin നമ്പർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായും അതിൽ പറഞ്ഞ ഇനങ്ങൾക്കുമാത്രമായിരിക്കണം. പ്രസ്തുത ഉത്തരവിൽ പ്രത്യേകം പറഞ്ഞിട്ടുള്ള ഏജൻസികൾക്കല്ലാതെ (KWA/KSEB/GWD/PWD/ COSTFORD/NIRMITHI/ Univerisities & Engineering Colleges under the Control of the Govt. for rendering services) മറ്റ് ഏജൻസികൾക്ക് മുൻകൂർ തുക നൽകുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി അവശ്യമാണ്. പദ്ധതി നടപ്പിലാക്കുന്നതിന് അനർട്ടിൽ മുൻകൂറായി തുക ഡെപ്പൊസിറ്റ് ചെയ്യുന്നതിന് സർക്കാരിന്റെ അനുമതി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പ്രവൃത്തി നടത്താതെ അനർട്ടിന് മുൻകൂറായി തുക അനുവദിച്ചത് ക്രമപ്രകാരമല്ല.

പദ്ധതിയുടെ ഭാഗമായി ട്രഷറിയിൽനിന്നും തുക പിൻവലിച്ചിരിക്കുന്നത് 31.03.16-നാണ്. എന്നാൽ അനർട്ടുമായി ധാരണാപത്രത്തിൽ ഒപ്പുവച്ചിരിക്കുന്നത് 15.11.2016-ലാണ്. ധാരണാ പത്രത്തിലെ വ്യവസ്ഥ പ്രകാരം കരാർ തീയതിമുതൽ ഒരു വർഷകാലയളവിനുള്ളിൽ അനർട്ട് പ്രവൃത്തി പൂർത്തിയാക്കിയാൽ മതിയാകുന്നതാണ്. അനർട്ടുമായി കരാറിലേർപ്പെടുന്നതിന് അസാധാരണമായ കാലതാമസമാണ് ബ്ലോക്ക് പഞ്ചായത്ത് വരുത്തിയിട്ടുള്ളത്. ഇക്കാരണത്താൽ പദ്ധതിയുടെ നിർവ്വഹണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടില്ല. ഫയൽ പരിശോധിച്ചതിൽ അനർട്ട് ഹാജരാക്കിയ കരട് ധാരണാപത്രം യഥാസമയം മുദ്രപത്രത്തിൽ തയ്യാറാക്കി നൽകിയിട്ടില്ലെന്നും ധാരണാപത്രം ഒപ്പിട്ടതിനുശേഷം മാത്രമേ ടെണ്ടർ നടപടികൾ ആരംഭിക്കാനാവൂ എന്നും അറിയിച്ചുകൊണ്ട് അനർട്ട് ബ്ലോക്ക് പഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട് (നം.629/എസ്.പി.വി./എം.ബി.പി./അനെർട്ട്/2016, തീ. 04.11.2016). പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് ശ്രദ്ധിക്കാതിരുന്നതിനാൽ പദ്ധതിയ്ക്ക് ചെലവഴിച്ച 3.3 ലക്ഷം രൂപയുടെ ചെലവ് നിഷ്ഫലമായി.

സമയബന്ധിതമായി പ്രോജക്ട് നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ടിന്റെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് തടസ്സവാദം തീർപ്പാക്കുന്നതാണ്.

## 3-3 ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

| | |
|---|---|
| പ്രോജക്ട് നം. | S0042/15-16 |
| പ്രോജക്ടിന്റെ പേര് | പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പട്ടികജാതി വികസന ഓഫീസർ |
| അടങ്കൽ തുക | ₹ 600000 (എസ്.സി.പി. ഫണ്ട്) |

| | |
|---|---|
| ട്രഷറി ബിൽ നം., തീ. | 12/LAD/15-16, തീ. 29.02.16 - ₹ 350000<br>15/LAD/15-16, തീ. 22.03.16 - ₹ 250000 |
| ചെലവ് | ₹600000 |

2015-16 വർഷം പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രൊഫഷണൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലാപ്പടോപ്പ് വിതരണം എന്ന പദ്ധതിയുടെ ഭാഗമായി ഗ്രാമസഭ വഴി തെരഞ്ഞെടുക്കാത്ത രണ്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി.

പട്ടികജാതി വികസന ഫണ്ടിൽ നിന്നും 6 ലക്ഷം രൂപ ചെലവഴിച്ച പദ്ധതിയിൽ 15 വിദ്യാർത്ഥികൾക്ക് 40000/- രൂപ വിലവരുന്ന ലാപ്പ്ടോപ്പുകൾ കെൽട്രോണിൽ നിന്നും വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

ഗ്രാമസഭകൾ അംഗീകരിച്ച നൽകുന്ന ഗുണഭോക്തൃലിസ്റ്റിൽ നിന്നും ഏറ്റവും യോഗ്യരായവരെ കണ്ടെത്തിയാണ് ആനുകൂല്യം നൽകേണ്ടിയിരുന്നത്. എന്നാൽ കവിയൂർ ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി ലഭ്യമാക്കിയ ഗ്രാമപസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത രണ്ട് പേർക്ക് ലാപ്പ്ടോപ്പ് വിതരണം ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8/2016 തീയതി 17.03.2017) മറുപടി ലഭ്യമാക്കിയില്ല. ലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

1. ആതിര ദേവരാജൻ, കന്നുപുരയിടത്തിൽ, കവിയൂർ.പി.ഒ

2. അഭിജിത്ത് കെ. അനിൽ, കസ്തൂരികുന്നിൽ, കോട്ടൂർ.പി.ഒ

ജി.ഒ(പി) 181/98/ത.സ്വ.ഭ.വ 02.09.1998 പ്രകാരം ജില്ലാപ്പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും ഗ്രാമസഭ വിളിച്ച കൂട്ടാൻ കഴിയാത്തതിനാൽ അവർ ബന്ധപ്പെട്ട ഗ്രാമപ്പഞ്ചായത്ത് വഴി തന്നെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കണം. ബഹുമാനപ്പെട്ട കേരളഹൈക്കോടതിയുടെ 18175/1996 ലെ ഒ.പി. നമ്പർ വിധിയിൽ പഞ്ചായത്തുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന അധികാര സ്ഥാനങ്ങൾ അല്ലെന്നും അംഗീകരിക്കുന്നതിനുള്ള അധികാര സ്ഥാനങ്ങൾ മാത്രമാണെന്നും ഏതൊരു വിവേചനവും കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ മാത്രമല്ല ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 14-ന്റെ ലംഘനമായിരിക്കുമെന്നും വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമസഭ തെരഞ്ഞെടുക്കാത്ത രണ്ട് ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് ക്രമവിരുദ്ധമാണ്. പ്രസ്തുത ഗുണഭോക്താക്കൾക്കായി ചെലവഴിച്ച 80000രൂപ നിരാകരിക്കുന്നു. നിരാകരിച്ച തുക പട്ടികജാതി വികസന ഓഫീസറിൽനിന്നും ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടയ്ക്കേണ്ടതാണ്.

## 3-4 1:2:4 അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയ ഇനത്തിൽ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിന് 160521രൂപയുടെ നഷ്ടം

പൊതുമരാമത്ത് വകുപ്പിന്റെ 17.04.2013-ലെ ജി.ഒ.(പി.)നം.36/2013/പി.ഡബ്ല്യു.ഡി നമ്പർ ഉത്തരവു പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സി.പി.ഡബ്ല്യു.ഡി. ഡാറ്റയും, നിരക്കും (Central Public Works Department, Delhi Schedule Rate) പ്രാബല്യത്തിലാക്കിയിരുന്നു. ഇതു പ്രകാരമാണ് ബ്ലോക്ക പഞ്ചായത്തിൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളത്. സി.പി.ഡബ്ല്യു.ഡി. അനാലിസിസ് ഓഫ് റേറ്റ്സ്-2014, വാല്യം-1 പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code: 4.1.3) ബേസ് റേറ്റ് 5466.30രൂപയാണ്. പത്തനംതിട്ട ജില്ലയ്ക്കു 01.08.2015 മുതൽ ബാധകമായ കോസ്റ്റ് ഇൻഡക്സ് 45.71% ആണ്. ഇതു പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 7964.94/$m^3$ ആണ് (5466.30x1.4571=7964.94). എന്നാൽ ഓഡിറ്റ് വർഷം നടപ്പിലാക്കിയിട്ടുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിനു പകരം തറ നിരപ്പാക്കലിനു (Flooring, DSR Code: 11.7) അർഹമായ 8391.73/$m^3$ നിരക്കാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 1:2:4 അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് അനുവദിനീയമായതും, നൽകിയിട്ടുമായ നിരക്കുകളുടെ വിശദമായ ഡാറ്റ ചുവടെ ചേർക്കുന്നു.

For 1:2:4 Concreting (DSR Code:4.1.3)

Details of cost for 1 m3

| |
|---|
| 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm |

| nominal size) | | | | | |
|---|---|---|---|---|---|
| Code No | Description | Unit | Quantity | Rate | Amount |
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| | Labour | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |
| 0002 | Hire Charge of concrete mixer 0.25 to 0.40 cum with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |
| | | | | Total | 4706.23 |
| | Add water charge 1% | | | | 47.06 |
| | Sub Total | | | | 4753.29 |
| | Add CPOH @ 15% | | | | 712.99 |
| | Total | | | | 5466.30 |
| | Cost Index for Pathanamthitta 45.71% | | | | 2498.64 |
| | Total | | | | 7964.94 |

For Flooring:(DSR Code:11.7)

Details of cost for one m3

| Cement Concrete pavement with 1:2:4 (1 Cement:2 Course sand:4 graded stone aggregate 20mm nominal size) including finishing complete |
|---|

| Code No. | Description | Unit | Qty. | Rate[3] | Amount |
|---|---|---|---|---|---|
| 4.1.3 | Rate as per item 4.1.3 of DSR, concrete work | M3 | 1 | 4753.29 | 5466.30 |
| | Labour: Extra labour for laying in floors etc | | | | |
| 0124 | Mason(brick layer) 2nd class | Day | 0.350 | 399.00 | 139.65 |
| 0114 | Bheldar | day | 0.180 | 329.00 | 59.22 |
| 0101 | Bhisti | day | 0.050 | 363.00 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |
| | Sub Total | | | | 5718.49 |
| | Add 1% water charge except for 4.1.3 (252.19x1%) | | | | 2.52 |
| | Total | | | | 5721.01 |
| | Add CP+OH @15% Except on A i.e on (5721.01 - 5466.30 = 254.71) | | | | 38.21 |
| | Total | | | | 5759.20 |
| | Cost Index for Pathanamthitta - 45.71% | | | | 2632.53 |
| | Total | | | | 8391.73 |

മേൽ പറഞ്ഞ പ്രകാരം അധിക നിരക്ക് അനുവദിച്ചതിലൂടെ ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ഇനം നം. | അളവ് ($m^3$) | പ്രതിഫലം നൽകിയത് (with CP+OH @8391.73/ $m^3$) | അനുവദനീയമായത് (with CP+OH @7964.94/ $m^3$) | വ്യത്യാസം | ടെണ്ടർ കുറവ് | നഷ്ടം |
|---|---|---|---|---|---|---|---|---|
| 1 | പ്ലാങ്കുട്ടത്തിൽപടി-താന്നിക്കാമലപ്പടി റോഡ് കോൺക്രീറ്റിംഗ്-കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത് പ്രോജക്ട് നമ്പർ - 12/16 | 3 | 29.15 | 244618.93 | 232178 | 12441 | 3110 | 9331 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | അടങ്കൽ - ₹500000<br>കരാറുകാരൻ - ശ്രീ മോൻ ജോസഫ്<br>ടെണ്ടർ നിരക്ക് - 25% കുറവ്<br>ചെലവ് - ₹374363<br>ബിൽ നം., തീ. - 6/15-16, 26.3.16<br>എം.ബുക്ക് നമ്പർ - 7/15-16 | | | | | | | |
| 2 | കാണിക്കമണ്ഡപം-അഞ്ചാംകുഴി-പുത്തൻപുരയിൽപടി റോഡ് കോൺക്രീറ്റിംഗ് - കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത്<br>പ്രോജക്ട് നമ്പർ - 13/15-16<br>അടങ്കൽ - ₹750000<br>കരാറുകാരൻ - ശ്രീ മോൻ ജോസഫ്<br>ടെണ്ടർ നിരക്ക് - 25% കുറവ്<br>ചെലവ് - ₹674813<br>ബിൽ നം., തീ. - 3/15-16, 26.3.16<br>എം.ബുക്ക് നമ്പർ - 5/15-16 | 3 | 52.80 | 443083.34 | 420548.83 | 22535 | 5634 | 16901 |
| 3 | മേച്ചേരിപ്പടി-വള്ളക്കടവ് റോഡ് കോൺക്രീറ്റിംഗ് - കവിയൂർ പഞ്ചായത്ത് വാർഡ് 3<br>പ്രോജക്ട് നമ്പർ - 14/15-16<br>അടങ്കൽ - ₹600000<br>കരാറുകാരൻ - ശ്രീ പി.എ. ഐസക്<br>ടെണ്ടർ നിരക്ക് - 25% കുറവ് | 3 | 43.88 | 368229.11 | 349501.57 | 18728 | 4682 | 14046 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ചെലവ് - ₹562109<br>ബിൽ നം., തീ. - 7/15-16, 29.03.16<br>എം.ബുക്ക് നമ്പർ - 11/15-16 | | | | | | | |
| 4 | കളയ്ക്കാട്ടുപടി-മടേലിൽപടി - ഞാലിക്കണ്ടം റോഡ് കോൺക്രീറ്റിംഗ്, കവിയൂർ പഞ്ചായത്ത്<br>പ്രോജക്റ്റ് നമ്പർ - 15/15-16<br>അടങ്കൽ - ₹600000<br>കരാറുകാരൻ - ശ്രീ പി.എ.ഐസക്<br>ടെണ്ടർ നിരക്ക് - 25% കുറവ്<br>ചെലവ് - ₹447545<br>ബിൽ നം., തീ. - 4/15-16, 26.3.16<br>എം.ബുക്ക് നമ്പർ - 6/15-16 | 3 | 34.90 | 292871.38 | 277976.41 | 14895 | 3724 | 11171 |
| 5 | പാലമല-തോട്ടപ്പടി റോഡ് കോൺക്രീറ്റിംഗ്, കുന്നന്താനം ഗ്രാമപഞ്ചായത്ത്<br>പ്രോജക്റ്റ് നമ്പർ - 16/15-16<br>അടങ്കൽ - ₹600000<br>കരാറുകാരൻ - ശ്രീ മോൻ ജോസഫ്<br>ടെണ്ടർ നിരക്ക് - 25% കുറവ്<br>ചെലവ് - ₹446190<br>ബിൽ നം., തീ. - 5/15-16, 16.3.16<br>എം.ബുക്ക് നമ്പർ - 3/15-16 | 3 | 34.78 | 291864.37 | 277020.61 | 14844 | 3711 | 11133 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 6 | തേലമണ്ണിൽപടി - ഖാദി പ്ലാസ റോഡ് കോൺക്രീറ്റിംഗ്, മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്<br>പ്രോജക്ട് നമ്പർ - 17/15-16<br>അടങ്കൽ - ₹600000<br>കരാറുകാരൻ - ശ്രീ മോൻ ജോസഫ്<br>ടെണ്ടർ നിരക്ക് - 25% കുറവ്<br>ചെലവ് - ₹449143<br>ബിൽ നം., തീ. - 14/15-16, 19.3.16<br>എം.ബുക്ക് നമ്പർ - 4/15-16 | 3 | 35 | 293710.55 | 278772.9 | 14938 | 3734 | 11204 |
| 7 | വൈ.എം.സി.എ. ഇരിപ്പക്കല്ല് റോഡ് കോൺക്രീറ്റിംഗ്, ആനിക്കാട് ഗ്രാമപഞ്ചായത്ത്<br>പ്രോജക്ട് നമ്പർ - 18/15-16<br>അടങ്കൽ - ₹600000<br>കരാറുകാരൻ - ശ്രീ മോൻ ജോസഫ്<br>ടെണ്ടർ നിരക്ക് - 25% കുറവ്<br>ചെലവ് - ₹448908<br>ബിൽ നം., തീ. - 8/15-16, 29.3.16<br>എം.ബുക്ക് നമ്പർ - 10/15-16 | 3 | 35 | 293710.55 | 278772.9 | 14938 | 3734 | 11204 |
| 8 | കുളത്തുങ്കൽ കവല – ആറ്റുകുഴി റോഡ് കോൺക്രീറ്റിംഗ്, ആനിക്കാട് ഗ്രാമപഞ്ചായത്ത്<br>പ്രോജക്ട് നമ്പർ - 19/15-16 | 3 | 28.752 | 241279.02 | 229007.95 | 12271 | 3067 | 9204 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | അടങ്കൽ - ₹500000<br>കരാറുകാരൻ - ശ്രീ അനിൽ വി. വർഗ്ഗീസ്<br>ടെണ്ടർ നിരക്ക് - 24.9949 % കുറവ്<br>ചെലവ് - ₹372119<br>ബിൽ നം., തീ. - 12/15-16, 29.3.16<br>എം.ബുക്ക് നമ്പർ - 16/15-16 | | | | | | | |
| 9 | അഴകന്താനം-തൃക്കോയിക്കൽ റോഡ് കോൺക്രീറ്റിംഗ്, കുന്നന്താനം ഗ്രാമപഞ്ചായത്ത്<br>പ്രോജക്റ്റ് നമ്പർ - 20/15-16<br>അടങ്കൽ - ₹550000<br>കരാറുകാരൻ - ശ്രീ പി.എ.ഐസക്<br>ടെണ്ടർ നിരക്ക് - 25% കുറവ്<br>ചെലവ് - ₹411793<br>ബിൽ നം., തീ. - 9/15-16<br>എം.ബുക്ക് നമ്പർ - 20/15-16 | 3 | 32.10 | 269374.53 | 255674.57 | 13700 | 3425 | 10275 |
| 10 | പഞ്ചായത്ത് പടി - ചിറയ്ക്കൽപാറ റോഡ് കോൺക്രീറ്റിംഗ് - കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത്<br>പ്രോജക്റ്റ് നമ്പർ - 22/15-16<br>അടങ്കൽ - ₹600000<br>കരാറുകാരൻ - ശ്രീ സാംകുട്ടി ജോൺ<br>ടെണ്ടർ നിരക്ക് - 24.99% കുറവ് | 3 | 35 | 293710.55 | 278772.9 | 14938 | 3734 | 11204 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | ചെലവ് - ₹449203<br>ബിൽ നം., തീ. - 1/15-16, 26.3.16<br>എം.ബുക്ക് നമ്പർ - 2/15-16 | | | | | | | |
| 11 | വെള്ളയിൽ - മാത്തുംചാല് റോഡ് കോൺക്രീറ്റിംഗ്, കൊറ്റനാട് ഗ്രാമപഞ്ചായത്ത്<br>പ്രോജക്ട് നമ്പർ - 23/15-16<br>അടങ്കൽ - ₹600000<br>കരാറുകാരൻ - ശ്രീ അനിൽ വി. വർഗ്ഗീസ്<br>ടെണ്ടർ നിരക്ക് - 24.9949% കുറവ്<br>ചെലവ് - ₹448703<br>ബിൽ നം., തീ. - 21/15-16, 30.3.16<br>എം.ബുക്ക് നമ്പർ - 14/15-16 | 3 | 35 | 293710.55 | 278772.9 | 14938 | 3734 | 11204 |
| 12 | യെറുശലേം മാർത്തോമാ പള്ളിപ്പടി പുത്തൂർ മുക്ക് - കൊച്ചുപറമ്പിൽപടി റോഡ് കോൺക്രീറ്റിംഗ് , കൊറ്റനാട് ഗ്രാമപഞ്ചായത്ത്<br>പ്രോജക്ട് നമ്പർ - 24/15-16<br>അടങ്കൽ - ₹525000<br>കരാറുകാരൻ - ശ്രീ അനിൽ വി. വർഗ്ഗീസ്<br>ടെണ്ടർ നിരക്ക് - 24.9949% കുറവ്<br>ചെലവ് - ₹391765<br>ബിൽ നം., തീ. - | 3 | 30.49 | 255863.85 | 242851.02 | 13013 | 3253 | 9760 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 19/15-16, 30.3.16<br>എം.ബുക്ക് നമ്പർ - 15/15-16 | | | | | | | |
| 13 | വില്ലേജ് ആഫീസ് പടി പഴക്കാലക്കുന്ന് റോഡ് കോൺക്രീറ്റിംഗ്, കല്ലൂപ്പാറ ഗ്രാമപഞ്ചായത്ത്<br>പ്രോജക്ട് നമ്പർ - 25/15-16<br>അടങ്കൽ - ₹500000<br>കരാറുകാരൻ - ശ്രീ മോൻ ജോസഫ്<br>ടെണ്ടർ നിരക്ക് - 25% കുറവ്<br>ചെലവ് - ₹374914<br>ബിൽ നം., തീ. - 11/15-16, 29.3.16<br>എം.ബുക്ക് നമ്പർ - 12/15-16 | 3 | 29.2 | 245038.52 | 232576.25 | 12462 | 3116 | 9346 |
| 14 | പഞ്ചായത്ത്പടി - മലമ്പാറ റോഡ് കോൺക്രീറ്റിംഗ്, കോട്ടാങ്ങൽ ഗ്രാമപഞ്ചായത്ത്<br>പ്രോജക്ട് നമ്പർ - 28/15-16<br>അടങ്കൽ - ₹500000<br>കരാറുകാരൻ - ശ്രീ ജോൺ സി. തോമസ്<br>ടെണ്ടർ നിരക്ക് - 22.99% കുറവ്<br>ചെലവ് - ₹384332<br>ബിൽ നം., തീ. - 2/15-16, 26.3.16<br>എം.ബുക്ക് നമ്പർ - 9/15-16 | 3 | 29.14 | 244535.01 | 232098.35 | 12437 | 2859 | 9578 |
| 15 | വള്ളിക്കാട് എസ്.സി. ശ്മശാനം സംരക്ഷണഭിത്തി | 3 | 14 | 117484.22 | 111509.16 | 5975 | 1015 | 4960 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | നിർമ്മാണവും റോഡ് കോൺക്രീറ്റിംഗും, കുന്നത്താനം ഗ്രാമപഞ്ചായത്ത്<br>പ്രോജക്റ്റ് നമ്പർ -29/15-16<br>അടങ്കൽ - ₹ 900000<br>കരാറുകാരൻ - ശ്രീ അനിൽ വി. വർഗ്ഗീസ്<br>ടെണ്ടർ നിരക്ക് - 16.994% കുറവ്<br>ചെലവ് - ₹707287<br>ബിൽ നം., തീ. - 13/15-16, 29.3.16<br>എം.ബുക്ക് നമ്പർ - 17/15-16 | | | | | | | |
| | ആകെ | | | | | | | 160521 |

അധിക നിരക്ക് അനുവദിച്ചത് മൂലമുള്ള 160521 രൂപയുടെ നഷ്ടം നിർവ്വഹണ ഉദ്യോഗസ്ഥയായ അസി.എക്സി.എഞ്ചിനീയറിൽനിന്നും ഈടാക്കേണ്ടതാണ്.

## 3-5 2014 വർഷം വാങ്ങിയ സ്കൂട്ടറുകളിൽ രണ്ടെണ്ണം വിതരണം ചെയ്യാതെ അവശേഷിക്കുന്നു

2013-14-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി ഭിന്നശേഷിക്കാരായ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് വാങ്ങിയ ട്രൈസ്കൂട്ടറുകളിൽ രണ്ടെണ്ണം (TVS Scooty Pep) മൂന്ന് വർഷങ്ങൾ പിന്നിടുമ്പോഴും വിതരണം ചെയ്യാതെ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്നതായി ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ കണ്ടു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള (നം.9/17.03.17) മറുപടിയിൽ ഇവ ശ്രീ തങ്കപ്പൻ നായർ, താഴത്തെ ഓലിക്കൽ, ആനിക്കാട്, ശ്രീ ജോർജ്ജ് വർഗ്ഗീസ് പനന്താനം, ആനിക്കാട് എന്നീ വ്യക്തികൾക്ക് വേണ്ടി വാങ്ങിയിട്ടുള്ളതാണെന്നും, ശ്രീ തങ്കപ്പൻ നായർ മരിച്ചുപോയ സാഹചര്യത്തിലും, ശ്രീ ജോർജ്ജ് വർഗ്ഗീസിന്റെ ചലനശേഷി നഷ്ടപ്പെട്ടതിനാലും ഇവ മടക്കി വാങ്ങി സൂക്ഷിച്ചിരിക്കുകയാണെന്നും വിശദീകരിച്ചു. ഇവ ആനിക്കാട്, കൊറ്റനാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽപെട്ട ഗുണഭോക്താക്കൾക്ക് ഗ്രാമസഭാ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിന് 15.11.2016-ൽ കൂടിയ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളതായും സെക്രട്ടറി അറിയിച്ചു.

എന്തുതന്നെയായാലും വാങ്ങി മൂന്ന് വർഷങ്ങൾ പിന്നിടുമ്പോഴും ഈ സ്കൂട്ടറുകൾ അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി വിതരണം ചെയ്യാൻ കഴിയാതിരുന്നത് വലിയ വീഴ്ചയാണ്. ഈ വിഷയത്തിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് ഉദ്യോഗസ്ഥരും, പഞ്ചായത്ത് ഭരണ സമിതിയും ഒരുപോലെ ഉദാസീനത കാട്ടിയതായി ഓഡിറ്റ് വിലയിരുത്തുന്നു. പൊതു ഖജനാവിൽനിന്നും ഗണ്യമായ തുക (₹110000) മുടക്കി വാങ്ങിയ വാഹനങ്ങൾ ദീർഘകാലമായി ഉപയോഗ ശൂന്യമായി ഇട്ടിരിക്കുന്നത് അവ വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ ദുർവിനിയോഗമായി മാത്രമേ പരിഗണിക്കാനാവൂ. ഇവ അർഹരായവരെ കണ്ടെത്തി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

വിതരണം ചെയ്യാതിട്ടിരിക്കുന്ന ട്രൈസ്കൂട്ടറുകൾ

ഓഡിറ്റ് റിപ്പോർട്ട് കിട്ടിയതിനുശേഷവും ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാത്തപക്ഷം റിപ്പോർട്ട് കൈപ്പറ്റുന്ന

അധികാരിയെ പൊതുഖജനാവിനുണ്ടാകുന്ന നഷ്ടത്തിന് ഉത്തരവാദിയായി കണക്കാക്കുന്നതാണ്.

## 3-6 കുടിവെള്ള പൈപ്പ് ലൈൻ, വൈദ്യുതി ലൈൻ എന്നിവ ദീർഘിപ്പിക്കുന്നതിനുള്ള പ്രോജക്ടുകളുടെ നടത്തിപ്പ് - സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

കുടിവെള്ള വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കൽ, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ എന്നിവ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്ന കാര്യമല്ല. എന്നാൽ 2.12.2014-ലെ സ.ഉ.(സാധാ.) 3172/2014/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കുടിവെള്ള പദ്ധതി, വൈദ്യുതി ലൈൻ നീട്ടൽ എന്നിവ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ സമ്മതത്തോടുകൂടി ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാമെന്ന് ഉത്തരവായിട്ടുണ്ട്. ഓഡിറ്റ് വർഷം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ കാര്യത്തിൽ സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുടെ സമ്മത പത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ചെലവ് | ചെലവ് വിവരം (ട്രഷറി ബിൽ നം./ഡി.ഡി.നം., തീ.) |
|---|---|---|---|---|
| 1 | 3/16 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 800000 | 12/15-16/31.03.16<br>18/15-16/31.03.16<br>423409/31.03.16 |
| 2 | 4/16 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ | 465251 | 423868/07.04.16<br>423867/07.04.16<br>213511/07.04.16<br>423841/06.04.16<br>132280/06.04.16<br>423842/06.04.16 |
| | | ആകെ | 1265251 | |

പൈപ്പ് ലൈൻ നീട്ടുന്നതിനുള്ള എസ്റ്റിമേറ്റുകളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുന്നതിനുള്ള ഇനവും ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കുന്നത് ബന്ധപ്പെട്ട പഞ്ചായത്തുകളായതിനാൽ പഞ്ചായത്തുകളുടെ സമ്മതപത്രത്തിന്റെ അഭാവത്തിൽ ഇത്തരം പ്രോജക്ട് ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുക്കുന്നത് ഉചിതമല്ല. മാത്രവുമല്ല കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് ജലവിതരണം നടത്താൻ ഉദ്ദേശിച്ച് തയ്യാറാക്കുന്ന പ്രോജക്ടുകളോടൊപ്പം വാട്ടർ അതോറിറ്റിയിൽനിന്നുള്ള അനുമതി പത്രം ലഭ്യമാക്കണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശവും പാലിച്ചിട്ടില്ല.

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ നിർവ്വഹണ ഏജൻസിയുമായി (KSEB/KWA) തദ്ദേശസ്വയംഭരണ സ്ഥാപനം കരാറിലേർപ്പെട്ടശേഷം മാത്രമേ തുക ഡെപ്പോസിറ്റ് ചെയ്യാൻ പാടുള്ളൂ. എന്നാൽ ടി പ്രോജക്ടുകളുടെ കാര്യത്തിൽ ക്രമപ്രകാരം എഗ്രിമെന്റ് വയ്ക്കാതെയാണ് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റ് തീയതിവരെ ലഭിച്ചിട്ടുമില്ല.

ടി അപാകതകൾ മുൻനിർത്തി പ്രോജക്ടിന് ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കാത്തപക്ഷം തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് ഉത്തരവാദിയായവരിൽനിന്നും ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-7 മാറമല കോളനി കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റി സ്ഥാപിക്കൽ; ചുമതലയില്ലാത്ത മേഖലയിൽ പദ്ധതി നടപ്പിലാക്കിയതും മറ്റ് അപാകതകളും

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 46/15-16 പ്രകാരം പൊതു ആവശ്യ ഗ്രാന്റിൽനിന്നും 50000 രൂപ വകയിരുത്തി കവിയൂർ പഞ്ചായത്തിലെ മാറമല കോളനി കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റി സ്ഥാപിക്കുന്നതിന് പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി 22.09.2015-ലെ 0108147 നമ്പർ ചെക്ക് പ്രകാരം 49925 രൂപ പ്രവൃത്തിയുടെ ഗുണഭോക്തൃസമിതി കൺവീനർ ശ്രീ സണ്ണി വർഗ്ഗീസിന് നൽകിയിട്ടുണ്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്ത് രാജ് നിയമപ്രകാരം കുടിവെള്ള പ്രോജക്ടുകളുടെ നിർവ്വഹണം ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ട കാര്യമല്ല. തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതലയിൽ നിക്ഷിപ്തമല്ലാത്തതും, തദ്ദേശഭരണ സ്ഥാപനത്തെ സർക്കാർ ഏല്പിച്ചിട്ടില്ലാത്തതുമായ പ്രവർത്തനങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടില്ല.
2. പ്രസ്തുത കുടിവെള്ള പദ്ധതി ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് ചെലവഴിച്ച് നടപ്പിലാക്കിയതോ, ബ്ലോക്ക് പഞ്ചായത്തിന്റെ അസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതോ അല്ല. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ളതും, ഗുണഭോക്തൃസമിതി പരിപാലിക്കുന്നതുമായ കുടിവെള്ള പദ്ധതിയുടെ മോട്ടോർ മാറ്റി സ്ഥാപിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് പ്രോജക്ട് നടപ്പിലാക്കിയത് ക്രമപ്രകാരമല്ല.
3. അംഗീകരിച്ച പ്രോജക്ടിൽ പദ്ധതി നേരിട്ട് നിർവ്വഹിക്കുന്നതിനായിരുന്നു വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഗുണഭോക്തൃസമിതി മുഖാന്തിരമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. ഗുണഭോക്തൃസമിതി മുഖാന്തിരം പ്രവൃത്തി നടത്തുമ്പോൾ പാലിക്കേണ്ട നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല (നിശ്ചിത മാതൃകയിൽ കൺവീനറും, ചെയർമാനും ഒപ്പിട്ട കരാർ, ഗുണഭോക്തൃസമിതിയുടെ അക്സി.കമ്മിറ്റിയുടെ കരാർ, വരവ് ചെലവ് കണക്കുകൾ തയ്യാറാക്കി സമർപ്പിക്കൽ etc.).
4. 7.5 HP ശേഷിയുള്ള പമ്പ്സെറ്റും അനുബന്ധ ഫിറ്റിംഗുകളും വാങ്ങുന്നതിനാണ് കൺവീനർക്ക് തുക നൽകിയിട്ടുള്ളത്. എന്നാൽ ചെലവിനാധാരമായി ജിയോ ഏജൻസീസ്, തിരുവല്ല എന്ന സ്ഥാപനത്തിന്റെ ഒരു ക്വട്ടേഷൻ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സാധനം വാങ്ങിയതിന്റെ അസ്സൽ ക്യാഷ് ബിൽ, പണിക്കൂലി നൽകിയതിന്റെ കൈപ്പറ്റ് രസീതി മുതലായവ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ചെലവിന്റെ ആധികാരികത ബോദ്ധ്യപ്പെട്ടിട്ടില്ല.
5. പഴയത് മാറ്റി പുതിയ പമ്പ് സെറ്റ് സ്ഥാപിച്ചപ്പോൾ നിലവിലുണ്ടായിരുന്ന പ്രവർത്തന രഹിതമായ പമ്പ്സെറ്റ് ബ്ലോക്ക് പഞ്ചായത്തിന് കൈമാറുകയോ, ആയതിന്റെ വിനിയോഗ വിവരം ഫയലിൽ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

ടി അപാകതകൾ മുൻനിർത്തി പ്രവൃത്തിക്ക് ചെലവഴിച്ച തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് പരാമർശത്തിന്മേൽ മറുപടി/വിശദീകരണം ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കാത്തപക്ഷം തടസ്സപ്പെടുത്തിയ തുക നിരാകരിച്ച് ഉത്തരവാദിയായവരിൽനിന്നും ഈടാക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-8 ചെലവാകാതെ അവശേഷിക്കുന്ന ഡെപ്പോസിറ്റ് തുക തിരികെ ഈടാക്കിയില്ല

2012-13-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ കൊറ്റനാട് പഞ്ചായത്തിലെ കരിയം പ്ലാവ് ജംഗ്ഷൻ കുഴൽ കിണർ നിർമ്മാണ പദ്ധതിയുടെ ഭാഗമായി 22.03.2013-ൽ 47285 രൂപ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു. പ്രസ്തുത പ്രവൃത്തിയുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് പ്രകാരം (നം.GWD/1310/12/PTA, തീ. 25.07.2014) പ്രവൃത്തിക്ക് 28000 രൂപ മാത്രമാണ് ചെലവായിട്ടുള്ളത്. ചെലവാകാതെ അവശേഷിച്ച 19285 രൂപ ഗ്രൗണ്ട് വാട്ടർ അതോറിറ്റി നാളിതുവരെ മടക്കി നൽകിയിട്ടില്ല (യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിൽ ഡെപ്പോസിറ്റ് തുക 44285 രൂപയെന്നും, ചെലവാകാതെ അവശേഷിക്കുന്ന തുക 16285 രൂപയെന്നും തെറ്റായാണ് കാണിച്ചിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന്റെ ചെലവ് രേഖകൾ പ്രകാരം 47285 രൂപയാണ് ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്). ടി തുക തിരികെ ഈടാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച് രണ്ടര വർഷം പിന്നിട്ടിട്ടും തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കാതിരുന്നത് കൃത്യവിലോപമാണ്. തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം

ഉത്തരവാദിയിൽനിന്നും നഷ്ടം ഈടാക്കുവാൻ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-9 ഉപേക്ഷിച്ച പ്രോജക്ടിന് ഡെപ്പോസിറ്റ് ചെയ്ത 1.59 ലക്ഷം രൂപ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽനും മടക്കി വാങ്ങിയില്ല

2011-12 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്ട് നം. 101/12 പ്രകാരം കാഞ്ഞിരത്താനം സെറ്റിൽമെന്റ് കോളനിയിൽ കുടിവെള്ള പദ്ധതി സ്ഥാപിക്കുന്നതിന് 159000 രൂപ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു (ഡി.ഡി.നം.192720/30.03.12). എന്നാൽ ജലലഭ്യതയില്ലാത്ത കാരണത്താൽ പ്രവൃത്തി നടന്നില്ല. ഉപേക്ഷിച്ച പ്രോജക്ടിന് ഡെപ്പോസിറ്റ് ചെയ്ത തുക ബ്ലോക്ക് പഞ്ചായത്ത് തിരികെ ഈടാക്കിയിട്ടില്ല. ടി തുക തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണ്ണയിച്ച് തുക ഈടാക്കുവാൻ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 3-10 ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ നിഷ്ക്രിയത്വം; കാർഷിക യന്ത്രോപകരണങ്ങൾ അന്യാധീനപ്പെടുന്നു;

2007-08 മിതൽ 2013-14 വരെ കാലയളവിൽ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് ഉദ്ദേശ്യം 30.41 ലക്ഷം രൂപ കാർഷിക യന്ത്രോപകരണങ്ങൾ വാങ്ങി പാടശേഖര/കർഷക സമിതികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. വർഷം | പ്രോജക്ടിന്റെ പേര് | ചെലവ് |
|---|---|---|---|
| 1 | 7/08 | നെൽകൃഷി യന്ത്രവൽക്കരണം - പവർ ടില്ലർ | 110000 |
| 2 | 8/08 | യന്ത്രവൽക്കരണം - കൊയ്ത്തുമെഷീൻ, പാറ്റ് മെതിയന്ത്രം | 472500 |
| 3 | 82/08 | നെൽകൃഷി യന്ത്രവൽക്കരണം - ട്രാക്ടർ | 450000 |
| 4 | 7/09 | പുന്നവേലി വായ്പൂർ പാടശേഖരത്തിന് കൃഷി വികസനത്തിന് പമ്പ് സെറ്റും ടില്ലറും | 179434 |
| 5 | 66/09 | ഭക്ഷ്യ സുരക്ഷ – കൊയ്ത്ത് - പാറ്റ് - മെതിയന്ത്രങ്ങൾ വാങ്ങൽ | 659133 |
| 6 | 8/10 | കാർഷിക സമിതിക്ക് യന്ത്രം നൽകൽ | 310320 |
| 7 | 11/11 | കർഷക സമിതിക്ക് പമ്പ് സെറ്റ് | 66898 |
| 8 | 7/12 | പാടശേഖര സമിതികൾക്ക് കാർഷിക യന്ത്രങ്ങൾ | 486662 |
| 9 | 37/13 | കർഷക ഗ്രൂപ്പുകൾക്ക് കാർഷിക യന്ത്രങ്ങൾ | 123462 |
| 10 | 51/14 | കർഷക സമിതികൾക്ക് കാർഷിക യന്ത്രോപകരണങ്ങൾ | 183130 |
| | | ആകെ | 3041539 |

മേൽപറഞ്ഞ പ്രകാരം വാങ്ങിയിട്ടുള്ള യന്ത്രോപകരണങ്ങളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിലോ, കൃഷി അസി.ഡയറക്ടർ ഓഫീസിലോ സൂക്ഷിച്ചിട്ടില്ല. കാർഷിക യന്ത്രോപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ള പാടശേഖര/കർഷക ഗ്രൂപ്പുകളുടെ പേര് വിവരം, ഗ്രൂപ്പുകളിൽനിന്നും എഴുതി വാങ്ങിയിട്ടുള്ള എഗ്രിമെന്റ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/17.03.17) അധികൃതർ മറുപടി

ലഭ്യമാക്കിയിട്ടില്ല. കൂടാതെ യന്ത്രോപകരണങ്ങളുടെ ശരിയായ ഉപയോഗവും പരിപാലനവും, അവ വാടകയ്ക്ക് നൽകുന്നതിലൂടെ ലഭിക്കുന്ന വരുമാനത്തിന്റെ അക്കൗണ്ടിംഗ്, വിനിയോഗം എന്നിവ മോണിട്ടർ ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്ത് യാതൊരു ക്രമീകരണവും ചെയ്തിട്ടില്ല. പൊതു ഖജനാവിൽനിന്നും ലക്ഷങ്ങൾ മുടക്കി ആർജ്ജിച്ചിട്ടുള്ള ആസ്തികളുടെ തുടർ നടത്തിപ്പും, സംരക്ഷണവും നിരീക്ഷിക്കുന്ന കാര്യത്തിൽ നിരുത്തരവാദപരമായ സമീപനമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ, പ്രത്യേകിച്ച് നിർവ്വഹണ അധികാരിയായ കൃഷി അസി. ഡയറക്ടർ ഓഫീസിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുള്ളത്.

2007-08-ലെ വാർഷിക പദ്ധതിയുടെ ഭാഗമായി മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് 4.5 ലക്ഷം രൂപ ചെലവഴിച്ച് വാങ്ങിയ ട്രാക്ടർ അന്യാധീനപ്പെട്ടത് സംബന്ധിച്ച ഒരു പരാതി കൃഷി വകുപ്പ് മന്ത്രിക്ക് ലഭിച്ചത് തുടർ നടപടികൾക്കായി 12.07.2016-ൽ പത്തനംതിട്ട പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് ലഭിക്കുകയും, തുടർന്ന് കൃഷി വകുപ്പ് അധികൃതർ നടത്തിയ അന്വേഷണത്തിൽ വെണ്ണീർവിള പാടശേഖരസമിതിക്കുവേണ്ടി പാടശേഖരസമിതിയുടെ കൺവീനറായ ശ്രീ കെ.ആർ. സദാശിവൻ, രാധാലയം, കവിയൂർ എന്നയാളിന്റെ പേരിൽ രജിസ്ട്രേഷൻ നടത്തി പാടശേഖരസമിതിക്ക് കൈമാറിയിട്ടുള്ളതാണ് പ്രസ്തുത ട്രാക്ടർ എന്ന് വ്യക്തമായിരുന്നു. പാടശേഖരസമിതിയ്ക്ക് അനുവദിച്ച ട്രാക്ടർ ടി വ്യക്തി കൈവശപ്പെടുത്തുകയും പ്രദേശത്തെ കർഷകർക്ക് ഇതിന്റെ പ്രയോജനം നിഷേധിച്ചുകൊണ്ട് തന്റെ സ്വകാര്യ ആവശ്യങ്ങൾക്കായി ട്രാക്ടർ ഉപയോഗിച്ചുവരുകയുമായിരുന്നു. ട്രാക്ടർ വേണ്ടവിധം സംരക്ഷിക്കാതെ വെളി സ്ഥലത്ത് മഴനനഞ്ഞ് കിടക്കുകയാണെന്ന് പരാതിക്കാരൻ ആക്ഷേപം ഉന്നയിച്ചിരുന്നു. കവിയൂർ കൃഷി ഭവന് കാർഷിക യന്ത്രങ്ങൾ സൂക്ഷിക്കാൻ ആവശ്യമായ സൗകര്യമുണ്ടായിട്ടും അധികൃതർ യാതൊരു നടപടിയും സ്വീകരിക്കുന്നില്ലെന്നും പരാതിയിൽ പറയുന്നു. പരാതിയിന്മേൽ അന്വേഷണം നടത്തിയ ബ്ലോക്ക് പഞ്ചായത്ത് ട്രാക്ടർ RC ബുക്ക് സഹിതം 7 ദിവസത്തിനകം ബ്ലോക്ക് പഞ്ചായത്തിൽ ഹാജരാക്കണമെന്നും അല്ലാത്ത പക്ഷം റവന്യൂ റിക്കവറി നടപടി ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചുകൊണ്ട് 05.11.2016-ൽ ശ്രീ കെ.ആർ.സദാശിവന് നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ നോട്ടീസ് കൈപ്പറ്റി 4 മാസം പിന്നിട്ടിട്ടും ടിയാൻ ട്രാക്ടർ ബ്ലോക്ക് പഞ്ചായത്തിനെ തിരികെ ഏൽപ്പിച്ചിട്ടില്ല.

Mahindra 475 D1 എന്ന ട്രാക്ടർ വെണ്ണീർവിള പാടശേഖര സമിതി കൺവീനർ എന്ന പേരിൽ ശ്രീ കെ.ആർ.സദാശിവൻ എന്ന വ്യക്തിക്ക് നൽകിയിട്ടുമായി ബന്ധപ്പെട്ട ഒരു രേഖയും ബ്ലോക്ക് പഞ്ചായത്തിലോ കൃഷി വകുപ്പ് അധികൃതരുടെ പക്കലോ ഇല്ലെന്നാണ് ഇത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ വ്യക്തമായിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് മുഴുവൻ തുകയും മുടക്കി ആർജ്ജിച്ച ട്രാക്ടറിന്റെ തുടർ നടത്തിപ്പും പരിപാലനവും കർഷക ഗ്രൂപ്പിനെ ഏൽപ്പിച്ചപ്പോൾ വ്യക്തമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി എഗ്രിമെന്റ് ചമക്കാതിരുന്നതും, ആയതിന്റെ ഉപയോഗം മോണിട്ടറിംഗ് നടത്താതിരുന്നതും അധികൃതരുടെ ഭാഗത്തുനിന്നുള്ള കൃത്യവിലോപമാണ്.

പൊതു ഖജനാവിൽനിന്നും വൻതുക മുടക്കി വാങ്ങി പാടശേഖര സമിതികൾക്കും, കർഷക ഗ്രൂപ്പുകൾക്കും വിതരണം ചെയ്തിട്ടുള്ള കാർഷിക യന്ത്രോപകരണങ്ങളുടെ ശരിയായ ഉപയോഗം മോണിട്ടറിംഗിന് വിധേയമാക്കാതിരുന്നതിനും, അന്യാധീനപ്പെട്ട ട്രാക്ടർ പിടിച്ചെടുക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ മറ്റ് യന്ത്രോപകരണങ്ങളുടെ ഉപയോഗം, സംരക്ഷണം തുടങ്ങിയ സംഗതികളിൽ ഉന്നതതല അന്വേഷണം നടത്തുവാനും ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 3-11 ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം നിരീക്ഷിക്കുന്നില്ല

2010-11 മുതൽ 2014-15 വരെ വർഷങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് വാട്ടർ അതോറിറ്റി, ഗ്രൗണ്ട് വാട്ടർ അതോറിറ്റി എന്നീ ഏജൻസികൾ മുഖാന്തിരം ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികളുടെ വിവരം കാണിക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. മാത്രവുമല്ല പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം നാളിതുവരെ ലഭ്യമാക്കിയിട്ടുമില്ല. ഇക്കാരണത്താൽ പൂർത്തീകരിച്ചതും, പൂർത്തീകരിക്കാൻ അവശേഷിക്കുന്നതുമായ പ്രവൃത്തികളുടെ വിവരം, ഡെപ്പോസിറ്റ് തുകയിൽ ചെലവാകാതെ അവശേഷിക്കുന്ന തുകകളുടെ വിവരം എന്നിവ പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിന് സാധിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | നിർവ്വഹണ ഏജൻസി | ഡെപ്പോസിറ്റ് തുക |
|---|---|---|---|---|---|
| 1 | 2010-11 | 16/11 | ചേർതോട് - കിണർപടി പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 223000 |

| | | | | | |
|---|---|---|---|---|---|
| 2 | 2010-11 | 26/11 | ഏലിയാസ് കവല പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 90000 |
| 3 | 2011-12 | 26/12 | പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 347000 |
| 4 | 2011-12 | 62/12 | കരിമ്പിൻകുഴി ഒ.എൽ.എച്ച് പമ്പ് ഹൈസ് നിർമ്മാണവും പൈപ്പ് ലൈൻ സ്ഥാപിക്കലും | വാട്ടർ അതോറിറ്റി | 182250 |
| 5 | 2011-12 | 93/12 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് കുടിവെള്ള പൈപ്പലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 603000 |
| 7 | 2012-13 | 60/13 | നൂറോമ്മാവ് - നൂറനാട്ടുകര-കുളത്തുർ ക്ഷേത്രം - മണ്ണൂർപടി - ഊനംവിരപ്പേൽപ്പടി - മേട്ടപ്പുറത്തുപടി പ്രദേശത്ത് പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 340000 |
| 8 | 2012-13 | 64/13 | പരിയാരം - കളക്കുടി കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | വാട്ടർ അതോറിറ്റി | 625000 |
| 9 | 2013-14 | 67/14 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 1344700 |
| 10 | 2013-14 | 66/14 | കുഴൽ കിണർ നിർമ്മാണം | ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 729050 |
| 11 | 2014-15 | 10/15 | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | വാട്ടർ അതോറിറ്റി | 1565000 |
| 12 | 2014-15 | 11/15 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (SCP) | വാട്ടർ അതോറിറ്റി | 660000 |
| 13 | 2014-15 | 12/15 | കുഴൽകിണർ നിർമ്മാണം | ഗ്രൗണ്ട് വാട്ടർ അതോറിറ്റി | 197170 |

ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ KWA/KSEB/GWA-യുമായി തദ്ദേശഭരണ സ്ഥാപനങ്ങൾ കരാറിലേർപ്പെട്ടശേഷം മാത്രമേ മുൻകൂർ നൽകാവൂ എന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു [സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ., തീ. 16.11.13 – ഖ.11.13 (xi)(സി)]. എന്നാൽ നിർവ്വഹണ ഏജൻസിയുമായി കരാറിലേർപ്പെട്ട ശേഷമല്ല ഡെപ്പോസിറ്റ് തുകകൾ കൈമാറിയിട്ടുള്ളത്.

മേൽ പറഞ്ഞ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനും, ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർണ്ണമായ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ വകുപ്പിന്റെയും, ഭരണ സമിതിയുടെയും സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

## **3-12** സംയുക്ത പദ്ധതികൾക്കുള്ള ഫണ്ട് യഥാസമയം കൈമാറാത്തതിനാൽ

## പദ്ധതികൾ നടപ്പിലാകുന്നില്ല

2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പ്രോജക്ടിന്റെ ഭാഗമായി ബ്ലോക്ക് പഞ്ചായത്ത് കുന്നത്താനം ഗ്രാമപഞ്ചായത്തിന് വിഹിതം നൽകിയിട്ടുണ്ട്. എന്നാൽ സാമ്പത്തിക വർഷത്തിന്റെ അവസാന നാളുകളിലാണ് ബ്ലോക്ക് പഞ്ചായത്ത് ഫണ്ട് കൈമാറിയിരിക്കുന്നത്. ഇക്കാരണത്താൽ ഈ രണ്ട് വർഷവും നൽകിയ തുക ഓഡിറ്റ് തീയതിവരെ ഗ്രാമപഞ്ചായത്തിന് ചെലവഴിക്കാൻ സാധിച്ചിട്ടില്ല. കൈമാറിയ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | നൽകിയ തുക | ഡി.ഡി.നം./തീ. | ഡി.ഡി. ഗ്രാമപഞ്ചായത്തിന് കൈമാറിയ തീയതി | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2014-15 | 70000 | 378138/27.02.15 | 05.03.2015 | ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ചെലവാകാതെ അവശേഷിക്കുന്നു |
| 2015-16 | 318000 | 385855/22.02.16 | 14.03.2016 | ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ ചെലവാകാതെ അവശേഷിക്കുന്നു |

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം സംയുക്ത പ്രോജക്ടിനുള്ള ഫണ്ട് ഡിസംബർ 31-ന് മുമ്പ് കൈമാറിയിരിക്കണം. കൈപ്പറ്റിയ തുക അതത് സാമ്പത്തിക വർഷത്തിലെ ഫെബ്രുവരി അവസാനത്തിനകമെങ്കിലും ചെലവഴിച്ചിരിക്കണം. അങ്ങനെ ചെലവഴിച്ചില്ലെങ്കിൽ ആയത് നൽകിയ തദ്ദേശഭരണ സ്ഥാപനത്തിലേക്ക് തിരിച്ചടയ്ക്കണം.

സംയുക്ത പ്രോജക്ടിനുള്ള ബ്ലോക്ക് വിഹിതം ഡിസംബർ മാസത്തിനു മുമ്പായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന് കൈമാറുന്നതിന് യാതൊരു സാങ്കേതിക തടസ്സവും ഇല്ലാതിരിക്കെയാണ് (2015-16-ലെ വാർഷിക പദ്ധതിയ്ക്ക് 25.03.2015-ൽ ഡി.പി.സി.-യുടെ അംഗീകാരം ലഭിച്ചിരുന്നു) ബ്ലോക്ക് പഞ്ചായത്ത് യഥാസമയം ഫണ്ട് കൈമാറാതെ സാമ്പത്തിക വർഷാന്ത്യത്തിൽ ഫണ്ട് കൈമാറ്റം ചെയ്തിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുള്ള വീഴ്ച കാരണം ഭിന്നശേഷിയുള്ളവർക്കുവേണ്ടിയുള്ള ക്ഷേമ പദ്ധതിയുടെ ആനുകൂല്യം അർഹരായ ഗുണഭോക്താക്കൾക്ക് നിഷേധിക്കുന്ന സ്ഥിതി സംജാതമായി. വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു. ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-13 മുൻകൂർ തുകകൾ ക്രമീകരിക്കുന്നില്ല

2015-16 വർഷത്തെ വൗച്ചർ പരിശോധിച്ചതിൽ, ബ്ലോക്ക് പഞ്ചായത്തിലെ ജീവനക്കാർ വിവിധ ആവശ്യങ്ങൾക്കായി കൈപ്പറ്റിയ മുൻകൂർ തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | തുക കൈപ്പറ്റിയ ആളിന്റെ വിവരം | നൽകിയ തുക | ചെക്ക് നമ്പർ/തീയതി |
|---|---|---|---|---|
| 1 | കേരളോത്സവം | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ | 20000 | 100108184/07.12.2015 |
| 2 | ക്ഷീര സംഗമം | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 7000 | 5388325/14.03.2016 |
| | ആകെ | | 27000 | |

കേരള ഫിനാൻഷ്യൽ കോഡ് അനുച്ഛേദം 99 പ്രകാരം മുൻകൂർ തുകകൾ കൈപ്പറ്റി മൂന്ന് മാസത്തിനകം ഫൈനൽ ബിൽ സമർപ്പിച്ച് അഡ്വാൻസ് തുകകൾ ക്രമീകരിക്കേണ്ടതാണെന്നും നിശ്ചിത സമയ പരിധിയ്ക്കകം ക്രമീകരിക്കപ്പെടാത്ത മുൻകൂറുകൾ 18% പലിശ സഹിതം ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്യുന്നു. എന്നാൽ, മേൽ സൂചിപ്പിച്ച തുകകൾ നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആകയാൽ മുൻകൂറിനത്തിൽ കൈപ്പറ്റിയ 27000രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും 18% പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

## 3-14 പൈക്ക ഫണ്ട് ചെലവഴിച്ചില്ല

2014-15 സാമ്പത്തിക വർഷം ലഭിച്ച പൈക്ക ഫണ്ട് നാളിതുവരെ ചെലവഴിച്ചിട്ടില്ല. കേന്ദ്രയുവജന മന്ത്രാലയം നടപ്പാക്കിയിട്ടുള്ള കേന്ദ്രസഹായ പദ്ധതിയാണ് പൈക്ക. രാജ്യത്തെ ഗ്രാമപ്രദേശങ്ങളിൽ വസിക്കുന്ന യുവജനങ്ങളിലും വിദ്യാർത്ഥികളിലും സ്പോർട്സിനോട് ആഭിമുഖ്യം വളർത്തി രാജ്യത്ത് സ്പോർട്സിന്റെ അടിത്തറ വികസിപ്പിക്കുകയെന്ന ദേശീയ സ്പോർസ് നയം പ്രാവർത്തികമാക്കുകയാണ് ഇതിന്റെ ലക്ഷ്യം.

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിന് പൈക്ക ഒറ്റത്തവണ മൂലധന ഗ്രാന്റായി 03.06.2014 തീയതിയിൽ 370000രൂപ ലഭിച്ചിരുന്നു.ടി തുക എസ്.ബി.ടി യിലുള്ള മിസ്സലേനിയസ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ നാളിതു വരെ തുക ചെലവഴിക്കുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല.

കളിസ്ഥലങ്ങളുടെ വികസനത്തിനും നിർമ്മാണത്തിനും മാത്രമായി ഉദ്ദേശിച്ചുള്ളതാണ് ഈ ഗ്രാന്റ്. മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് അടിസ്ഥാന സൗകര്യങ്ങളില്ലാത്ത നിരവധി കളിസ്ഥലങ്ങളുണ്ടെങ്കിലും നാളിതുവരെ അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതി തയ്യാറാക്കിയിട്ടില്ല. ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പിന്റെ മിനിട്സ് പരിശോധിച്ചതിൽ ഇത് സംബന്ധിച്ച യാതൊരു നിർദ്ദേശവും ഉണ്ടായതായി കാണുന്നില്ല.

പൈക്ക ഫണ്ട് ക്രിയാത്മകമായി വിനിയോഗിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-15 ഭക്ഷണച്ചെലവുകൾ - സുതാര്യമല്ല

യോഗം ചേർന്നതിന്റെ വിവരം, യോഗത്തിൽ പങ്കെടുത്ത ആളുകളുടെ എണ്ണം, ഭക്ഷണ ഇനം, നിരക്ക്, ആകെ തുക എന്നിവയുൾക്കൊള്ളുന്ന സബ് വൗച്ചറിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ നിന്നുള്ള രേഖകളുമായി ഒത്തു നോക്കി വേണം ഭക്ഷണത്തിനു ചെലവായ ബിൽ തുക അനുവദിക്കേണ്ടത്. എന്നാൽ ഒരു മാസത്തേക്ക് ചെലവായ ആകെ തുക മാത്രമാണ് ബില്ലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എത്ര പേർക്കുള്ള ഭക്ഷണമാണ് നൽകിയതെന്നോ ഭക്ഷണത്തിന്റെ ഇനവിവരമോ എത്ര എണ്ണം നൽകിയെന്ന വിവരമോ ഓരോ ഇനത്തിലുമുള്ള നിരക്കോ ഹോട്ടലുടമ നൽകുന്ന ബില്ലിൽ പലപ്പോഴും രേഖപ്പെടുത്തുന്നില്ല.പഞ്ചായത്തിൽ ഭക്ഷണച്ചെലവ് സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുന്നില്ല.ഹോട്ടലുടമ നൽകിയ ബില്ലിന്റെ അടിസ്ഥാനത്തിൽ ബില്ലിൽ കാണിച്ചിരിക്കുന്ന തുക നൽകുകയാണ് ചെയ്യുന്നത്. ഈ നടപടി ക്രമവിരുദ്ധമാണ്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | വൗച്ചർ നം. | തുക | റിമാർക്സ് |
|---|---|---|---|---|
| 1 | വിവിധ മീറ്റിംഗുകളിലേക്ക് ലഘു ഭക്ഷണം - ഡെലീഷ്യസ് ബേക്കേഴ്സ്, മല്ലപ്പള്ളി | 154/15-16<br>17.03.2016 | 14208 | 4/2015 മുതൽ 2/2016 വരെയുള്ള റിഫ്രഷ്മെന്റ് ചെലവുകൾ എന്ന് മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. |
| 2 | വിവിധ മീറ്റിംഗുകളിലേക്ക് ഭക്ഷണം | 144/15-16<br>21.5.15 | 7968 | ഇതിൽ 17.12.2015 തീയതിയിലെ ബില്ലിൽ Food എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. |

ഭക്ഷണച്ചെലവ് സംബന്ധിച്ച വിവരങ്ങളുടെ വ്യക്തമായ കണക്കുകൾ സൂക്ഷിക്കാത്തതിനാൽ ഹോട്ടലുടമ നൽകുന്ന ബിൽ തുകയുടെ കൃത്യത ഉറപ്പു വരുത്താൻ കഴിയുന്നില്ല. ഭക്ഷണച്ചെലവിനത്തിൽ യഥാർത്ഥത്തിൽ ചെലവായതിലും അധികം തുക നൽകുന്നുണ്ടോ എന്നും വ്യക്തമല്ല. ഭക്ഷണച്ചെലവ് സംബന്ധിച്ച കണക്കുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും ഈയിനത്തിൽ അധികച്ചെലവുണ്ടാകുന്നില്ല എന്നും ഉറപ്പു വരുത്തേണ്ടതുമാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധക്ഷണിച്ചുകൊള്ളുന്നു.

## 3-16 പാലിയേറ്റീവ് കെയർ പദ്ധതി - അപാകതകൾ

2015-16 വർഷം പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി പ്രോജക്ട് നം. 41/16 പ്രകാരം പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 300000 രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. മല്ലപ്പള്ളി താലൂക്ക് ഹോസ്പിറ്റലിലെ മെഡിക്കൽ ഓഫീസറാണ് പദ്ധതിയുടെ നിർവ്വഹണം നടത്തിയിരിക്കുന്നത്. പദ്ധതിയുടെ ഫയൽ

പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പാലിയേറ്റീവ് മാനേജിംഗ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ കൂടിയിട്ടില്ല. 2015-16 കാലയളവിൽ രണ്ട് തവണ മാത്രമാണ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്. പാലിയേറ്റീവ് മാർഗ്ഗരേഖ പ്രകാരം മൂന്ന് മാസത്തിലൊരിക്കൽ കമ്മിറ്റി യോഗം ചേരേണ്ടതാണ്. കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല.
2. മാസത്തിൽ ഒരിക്കൽ കൂടേണ്ടതായ പാലിയേറ്റീവ് കെയർ ഇംപ്ലിമെന്റിംഗ് കമ്മിറ്റി ഓഡിറ്റ് വർഷം കൂടിയിട്ടില്ല.
3. പദ്ധതിയുടെ ഭാഗമായുള്ള ഭവന സന്ദർശനത്തിന് വാഹനം വാടകയ്ക്ക് എടുത്ത ഇനത്തിൽ ഓഡിറ്റ് വർഷം 80000 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ക്വട്ടേഷൻ ക്ഷണിച്ച് കുറഞ്ഞ നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിക്കുകയോ, കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല.
4. പാലിയേറ്റീവ് കെയർ പദ്ധതിയുടെ ഗുണഭോക്താക്കളായ നിർദ്ദന രോഗികൾക്ക് ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്യുന്നതിന് മഞ്ചേരിക്കളം ട്രെയ്ഡേഴ്സ് മല്ലപ്പള്ളി എന്ന സ്ഥാപനത്തിൽനിന്നും 20000 രൂപയുടെ ഭക്ഷ്യ സാധനങ്ങൾ വാങ്ങിയിട്ടുണ്ട് (ബിൽ നം. 653, 654, 655, തീ. 16.01.16). എന്നാൽ വാങ്ങിയ ഭക്ഷ്യകിറ്റുകളുടെ സ്റ്റോക്ക് വിതരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പാലിയേറ്റീവ് കെയർ പദ്ധതി മാർഗ്ഗരേഖ പ്രകാരം രോഗികൾക്ക് ഭക്ഷ്യധാന്യ കിറ്റുകൾ വിതരണം ചെയ്യുന്നതിന് വ്യവസ്ഥയില്ല. മാത്രവുമല്ല സർക്കാർ പ്രത്യേകം അനുവദിച്ചിട്ടുള്ള സംഗതികളിൽ ഒഴികെ ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിന് വികസനഫണ്ട് ചെലവഴിക്കാൻ പാടില്ലെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ [സ.ഉ.(എം.എസ്.)നമ്പർ 362/2013/ത.സ്വ.ഭ.വ., തീ.16.11.2013] സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്യുന്നതിന് ചെലവഴിച്ച തുക നിരാകരിക്കുന്നു. ആയത് നിർവ്വഹണ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.
5. കോഴഞ്ചേരി സർജി ക്രാഫ്റ്റ് & സർജിക്കൽസ് എന്ന സ്ഥാപനത്തിൽനിന്നും 91024 രൂപയുടെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് (Bill No.248/20.01.16). തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ബാധകമായ പ്രോക്യൂർമെന്റ് മാന്വൽ പ്രകാരം 50000 രൂപയിൽ അധികരിച്ച എല്ലാ വാങ്ങലുകളും ടെണ്ടർ ക്ഷണിച്ചുവേണം നടത്താൻ. എന്നാൽ ക്വട്ടേഷനോ, ടെണ്ടറോ ക്ഷണിക്കാതെ നേരിട്ടാണ് ഇത്രയും തുകയ്ക്കുള്ള വാങ്ങലുകൾ നടത്തിയിരിക്കുന്നത്. വാങ്ങിയ സാധനങ്ങളുടെ സ്റ്റോക്ക് വിതരണ വിവരങ്ങളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 91024 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ തുക നൽകിയിട്ടുള്ളതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| വാട്ടർ അതോറിറ്റി | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലേക്ക് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 800000 | 0 | യൂട്ടിലൈസേഷൻ ലഭിച്ചിട്ടില്ല |
| കെ.എസ്.ഇ.ബി. | മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് വൈദ്യുതി ലൈൻ നീട്ടൽ | 465251 | 0 | ടി |

## 4-2 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

## 4-3 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./തീ. | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| IAY ഭവന പദ്ധതി | സ.ഉ.നം.എം.എസ്.90/13/ ത.സ്വ.ഭ.വ. തീയതി:14.03.13 | 9600000 | 9600000 | 858364 | 2413730 | 8741636 + പലിശ |

## 4-4 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷങ്ങളിൽ സ്ഥിരനിക്ഷേപമില്ല

## 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ ഓഡിറ്റ് വർഷം വരവ് ഇല്ല.

## 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2004-05 | 3-4 | 2007-08 | പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിലെ അപാകം | ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി |
| 2006-07 | 3-14 | 2009-10 | പയറ്റുകാല കുടിവെള്ള പദ്ധതി വൻതുക ചെലവഴിച്ചിട്ടും പണി പൂർത്തിയായില്ല | പദ്ധതി പൂർത്തിയാക്കി |

## 4-7 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് തുക ഉൾപ്പെടെ) | 107856707 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 85486525 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 260521 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2906200 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-3 | | 80000 | ശ്രീ കെ. സിയാദ്, പട്ടികജാതി വികസന ഓഫീസർ |
| 3-4 | | 160521 | ശ്രീമതി ബിന്ദു വേലായുധൻ, അസി.എക്സി.എഞ്ചിനീയർ |
| 3-16 | | 20000 | ഡോ. അന്നപൂർണ്ണ, മെഡിക്കൽ ഓഫസർ, താലൂക്ക് ഹോസ്പിറ്റൽ |
| ആകെ | | 260521 | |

(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-1 | 1170000 | ശ്രീ തോമസ് എബ്രഹാം, സെക്രട്ടറി |
| 3-2 | 330000 | ശ്രീ തോമസ് എബ്രഹാം, സെക്രട്ടറി |
| 3-6 | 1265251 | ശ്രീ തോമസ് എബ്രഹാം, സെക്രട്ടറി |
| 3-7 | 49925 | ശ്രീ പ്രസന്നൻപിള്ള, സെക്രട്ടറി |
| 3-16 | 91024 | ഡോ. അന്നപൂർണ്ണ, മെഡിക്കൽ ഓഫീസർ, മല്ലപ്പള്ളി താലൂക്ക് ഹോസ്പിറ്റൽ |
| ആകെ | 2906200 | |

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ. 3-10

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ബിന്ദു വേലായുധൻ, അസി.എക്സി.എഞ്ചിനായർ | കോയിപ്രം ബ്ലോക്കാ പഞ്ചായത്ത് | 'പ്രസാദം', കവിയൂർ പി.ഒ., തിരുവല്ല |
| ഡോ. അന്നപൂർണ്ണ, മെഡിക്കൽ ഓഫീസർ | താലൂക്ക് ഹോസ്പിറ്റൽ, മല്ലപ്പെള്ളി | TC 26/807(2), ബേക്കർ ജംഗ്ഷൻ, തൈക്കാട് പി.ഒ., തിരുവനന്തപുരം - 1 |
| ശ്രീ കെ. സിയാദ്, പട്ടികജാതി വികസന | | |

| | | |
|---|---|---|
| ഓഫീസർ | | |

പട്ടികജാതി വികസന ഓഫീസറായിരുന്ന ശ്രീ സിയാദിന്റെ മേൽവിലാസം ഓഡിറ്റിന് ലഭ്യമായിട്ടില്ല. 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 22 പ്രകാരം ടിയാന്റെ ഔദ്യോഗിക മേൽവിലാസവും, സ്ഥിര മേൽവിലാസവും ഈ റിപ്പോർട്ട് കിട്ടി ഒരു മാസത്തിനകം ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| *ഓഡിറ്റ് വർഷം* | *ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം* | *റിമാർക്സ്* |
|---|---|---|
| 1995-96 to 97-98 | എൽ.എഫ്.പി.റ്റി.എ. പി5 -85/99 തീയതി.01-12-99 | 2 ഖണ്ഡികകൾ |
| 2000-01 | എൽ.എഫ്.പി.റ്റി.എ. പി6 -45/03 തീയതി. 03.07.03/03.01.04 | 1 ഖണ്ഡിക |
| 2001-02 | എൽ.എഫ്.പി.റ്റി.എ. പി5 -300/04 തീയതി. 06.08.04/31.08.04 | 2 ഖണ്ഡികകൾ |
| 2002-03 | എൽ.എഫ്.പി.റ്റി.എ. പി6-642/06 തീയതി. 15-02-07/06.12.07 | 2 ഖണ്ഡികകൾ |
| 2003-04 | എൽ.എഫ്.പി.റ്റി.എ. പി6-644/06 തീയതി.15.02.07/06.12.07 | 21 ഖണ്ഡികകൾ |
| 2004-05 | എൽ.എഫ്.പി.റ്റി.എ. പി6 -775/06 തീയതി. 15-03-07/29.12.07 | 11 ഖണ്ഡികകൾ |
| 2006-07 | എൽ.എഫ്.പി.റ്റി.എ. പി6 -562/08 തീയതി. 09.02.09 | 5 ഖണ്ഡികകൾ |
| 2007-08 | എൽ.എഫ്.പി.റ്റി.എ. പി3 -99/10 തീയതി. 14-07-10 | 17 ഖണ്ഡികകൾ |
| 2008-09 | എൽ.എഫ്.പി.റ്റി.എ. പി2 -760/11 തീയതി. 10.02.12 | 7 ഖണ്ഡികകൾ |
| 2009-10 to 11-12 | എൽ.എഫ്.പി.റ്റി.എ. പി2 -152/13 തീയതി. 16.05.13 | എല്ലാ ഖണ്ഡികകളും |
| 2012-13 | എൽ.എഫ്.പി.റ്റി.എ. പി2 -209/14 തീയതി. 05.05.14 | എല്ലാ ഖണ്ഡികകളും |
| 2013-14 | എൽ.എഫ്.പി.റ്റി.എ പി2- 73/2015 തീയതി 01.04.2015 | എല്ലാ ഖണ്ഡികകളും |
| 2014-15 | തീയതിനം.കെ.എസ്.എ.പി.റ്റി.എ./പി13 /1106/16 തീയതി: 17.10.2016 | എല്ലാ ഖണ്ഡികകളും |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

പി.പി.സുരേഷ് കുമാർ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി13/355/2017 തീയതി: 06.05.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിലെ ഖണ്ഡിക 1-3-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

പി.പി.സുരേഷ് കുമാർ

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

# Annexure-1

# CERTIFICATE

No.KSAPTA/P13/335/2017 Dated: 06.05.2017

Certified that I have examined the Annual Financial Statement of Mallappally Block Panchayat in Pathanamthitta district for the year ended on 31.03.2015 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of MallappallyBlock Panchayat for the year 2015-16 except the observations contained in Para 1-3 of my report properly presents the picture of income and expenditure.

P.P. Sureshkumar.
Senior Deputy Director

Kerala State Audit Department

Pathanamthitta